# THE KUDUMBA DEEPAM.



Vol. VI.) June 1935. (No. 6.

## വിഷയവിവരം.

1. തിരുഹൃദയകീർത്തനം....................................161.
2. യഥാർത്ഥസാന്നിദ്ധ്യം....................................162
3. ജോണും ജിമ്മിയും....................................167.
4. വി. കുർബാന....................................170
5. ഓക്സ്ഫോർഡ് പ്രസ്ഥാനം....................................172.
6. യേശുക്രിസ്തു ദൈവമാണോ?....................................175.
7. കത്തോലിക്ക് കോൺഗ്രസ്സിലെ ഉൽഘാടനപ്രസംഗം............179.
8. നിങ്ങളുടെ കുടുംബം സാക്ഷാൽ ക്രിസ്തീയ കുടുംബംതന്നെയോ? 187.
9. ഈശ്വരപ്രാർത്ഥന....................................188
10. പൊതുനിയോഗം....................................189.
11. കുറിപ്പുകൾ....................................190.

"ക്ഷമയാം തോണി കേറീട്ടു വിചാരത്തുഴ [illegible]
കുടുംബഭരണാംഭോധി സാവധാനം കടക്കുക."

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്താപം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'ഹെമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള നല്ല ഔഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോടു, മലബാർ

---

## കെ. അഗസ്റ്റിൻ & സൺ ബുക്കുഡിപ്പൊ.

നിരീശ്വര നിർമ്മത പ്രസ്ഥാനക്കാരുടെ വാദമുഖങ്ങളെ പാടെ തകർക്കുന്നതും മതാത്മകവും ശാസ്ത്രീയവും സംഗീതസാഹിത്യപരവും കത്തോലിക്കാപ്രവർത്തനത്തിനു പ്രേരകങ്ങളും അക്രൈസ്തവരുടെയും അകത്തോലിക്കരുടെയും ആക്ഷേപങ്ങൾക്കു മറുപടി പറയുന്നതും വേദപ്രചാരത്തിനു ഉപയുക്തങ്ങളും ആയ പല പുസ്തകങ്ങളും വില്പനയ്ക്കു തയ്യാർ. അരയണ സ്റ്റാമ്പു സഹിതം ക്യാററ്ലാഗിനു ആവശ്യപ്പെടുക.

കെ. അഗസ്റ്റിൻ & സൺ,
പള്ളുരുത്തി P. O കൊച്ചി A. O.



O Sacred heart, O heart divine!
Come with Thy grace and rest in mine,
O Sacred heart, I do implore,
That I may love Thee more and more.

# കുടുംബദീപം

പുസ്തകം ൩. } ജൂൺ ൧൯൩൮. { ലക്കം ൩.

## തിരുഹൃദയകീർത്തനം.

(റെവ. ഫാദർ ജെയിക്കബ് കല്ലറയ്ക്കൽ.)

(നാദസംഗീതപ്പൊൻമണി എം. മ.)

1. സാർവ്വജനീന-സൗഹൃദമന്ദിരം തിരുഹൃദയ—
ത്തണലിലഭയം സദാ—
ശാന്തിവിളയുന്ന മന്ദാരമേ!-അഖില സൗഭാഗ്യമോലും—
ഭണ്ഡാരമേ!
ക്രിസ്തുനാഥാ-സ്നേഹതാത!-പരിത്യാഗരാജനേശു
വാഴ്ക! നാഥാ (സാർവ്വ)

2. കത്തിടും പുഷ്പസമം—എരിഞ്ഞിടുന്ന
മർത്ത്യനു വേണ്ടി സദാ—തുറന്നിടുന്ന
നിസ്തുലസ്നേഹനദി-പാഞ്ഞിടുന്ന പരിശുദ്ധഹൃദയത്തെ-
ഭക്ത്യാമോദം-ആരാധിപ്പേൻ-ആരാധിപ്പേൻ—
സാഷ്ടാംഗം—
പ്രണാമം ചെയ്താരാധിപ്പേൻ. (സാർവ്വ)

3. ആരെയും സ്വീകരിച്ചു—വാണരുളും
ആകുലഹാരക! നിൻ, സന്നിധിയിൽ
അഞ്ചിതകൗതുഹലം വന്നിടുന്നേൻ!
നെഞ്ചകമതിൽ തൃപ്തി പൂകീടുന്നേൻ!-ആനന്ദമേ!
ആനന്ദമേ!—
തിരുഹൃദയത്തിൻ സ്നേഹമാനന്ദമേ! (സാർവ്വ)

4. തസ്കരനും നൽകരുണ-ഭജിച്ചണഞ്ഞ
പറുദീസ, പാപിനിക്കും അഭയമായ
ഘാതക ഹീനതയും വിസ്മരിച്ച
പരമകാരുണ്യപൂരംകൊണ്ടാടുന്നേൻ-കൊണ്ടാടുന്നേൻ
കൊണ്ടാടുന്നേൻ-തിരുഹൃദയത്തെ സദാ കൊണ്ടാടു
ന്നേൻ! സാർവ്വ)

# യഥാർത്ഥ സാന്നിദ്ധ്യം.

(റവ. ഫാദർ മംവൃത്രസ് സി. ഡി.)

## ൧. വാഗ്ദാനം.

അപ്പത്തിന്റെയും വീഞ്ഞിന്റെയും ബാഹ്യഗുണങ്ങളിൽ (species) പുരോഹിതൻ കൂദാശവചനങ്ങളെ ഉച്ചരിക്കുന്ന മാത്രയിൽ, നമ്മുടെ കർത്താവീശോമിശിഹായുടെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടാകുന്നു, എന്നു സത്യസഭ, ദിവ്യരക്ഷകൻ ഈ സത്യത്തെ അറിയിച്ച ദിവസം മുതൽ ഇന്നുവരെ സുദൃഢമായി വിശ്വസിക്കുന്നു. എന്നാൽ അവിടുന്നു ഈ അമൂല്യദാനത്തെ വാഗ്ദാനം ചെയ്തപ്പോൾ വിശ്വസിക്കാതെ ദുസ്സാദ്ധ്യമായി അങ്ങെ പരിത്യജിച്ച ആ അവിശ്വാസികളെപ്പോലെ പ്രസ്തുത സത്യത്തെ നിഷേധിക്കുന്നവർ പിൽക്കാലങ്ങളിലും കാണപ്പെടാതിരുന്നിട്ടില്ല. മിശിഹായ്ക്കു സാക്ഷാത്തായ മാംസമില്ലെന്നു വാദിച്ചിരുന്ന ദൊചേത്തി (Docetae) കളാണു് ഇക്കൂട്ടരിൽ പ്രഥമഗണനീയർ. പിന്നീടു ൯-ാം ശതാബ്ദത്തിൽ സ്കോത്തുസ് എരിജേനായും (Scotus Erigena) ൧൧-ൽ ബെറൻഗാരിയൂസും (Berengarius) ൧൨-ൽ പെത്രോബ്രൂസിയൻ പാഷണ്ഡികളും ൧൩-ൽ അൽബിജേൻ പാഷണ്ഡികളും യഥാർത്ഥസാന്നിദ്ധ്യത്തെ നിഷേധിച്ചിട്ടുള്ളതായി ചരിത്രം പറയുന്നു. സ്വിൻഗ്ലി (Zwingli) ദിവ്യകാരുണ്യസ്ഥാപനവാക്യത്തിലെ 'എസ്തി' എന്ന ഗ്രീക്കു പദത്തിനു സൂചിപ്പിക്കുക എന്നാണു് അർത്ഥമെന്നും, അതുകൊണ്ടു 'ഇതു് എന്റെ ശരീരമാകുന്നു.' എന്നല്ല 'ശരീരത്തെ സൂചിപ്പിക്കുന്നു' എന്നാണു് ഗ്രഹിക്കേണ്ടതു് എന്നും തന്മൂലം വി. കുർബ്ബാന വെറും അപ്പമല്ലാതെ മിശിഹായുടെ ശരീരമല്ലെന്നും വാദിച്ചു. എക്കൊളമ്പാദിയൂസാകട്ടെ (Oecolompadius) ശരീരത്തിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിനു രൂപം അഥവാ പ്രതിഛായ എന്നും അർത്ഥമുള്ളതുകൊണ്ടു അപ്പത്തിൽ മിശിഹായുടെ ശരീരമില്ലെന്നു ശഠിച്ചു. കാൽവിൻ (Calvin) ഇവരുടെ അഭിപ്രായങ്ങളെ അല്പം മയപ്പെടുത്തി സൂര്യന്റെ സാന്നിദ്ധ്യം അതിന്റെ ചൂടു വഴിയായിട്ടു എങ്ങനെ ഭൂമിയിൽ ഉണ്ടാ

യിരിക്കുന്നുവോ അങ്ങിനെ മിശിഹാ തന്റെ ശക്തി വഴിയായി അപ്പത്തിൽ സന്നിഹിതനായിരിക്കുന്നു എന്നു പഠിപ്പിച്ചു. ആംഗ്ലിക്കൻ വിശ്വാസവും കാൎയ്യത്തിൽ ഇതുതന്നെ. യൂനിറേററിയൻ (Unitarian) മുതലായ പ്രൊട്ടസ്റ്റാൻറുകാർ വി. കുർബ്ബാന ഒരു വെറും അടയാളവും സഹോദരസ്നേഹത്തിന്റെ ഒരു സൂചനവും മിശിഹായുടെ പീഡാനുഭവത്തിന്റെ ഒരു സ്മാരകവും അല്ലാതെ വേറൊന്നുമല്ല എന്നു വാദിക്കുന്നു. "ഇതു് എന്റെ ശരീരമാകുന്നു." എന്ന ചെറിയ വാക്യത്തെ സ്വതന്ത്ര്യവ്യാഖ്യാനത്താൽ എങ്ങനെ നാനാവിധമാക്കി എന്നു നോക്കുക! ഇത്രത്തോളമായപ്പോഴം പരിപാവനമായ ഈ സത്യസംരക്ഷണാൎത്ഥം സത്യസഭ തന്റെ പരമാധികാരത്തെ പ്രയോഗിക്കേണ്ട ഘട്ടമായി. ൧൫൫൧-ൽ ട്രെൻറു എന്ന സ്ഥലത്തു സമ്മേളിച്ച സാൎവ്വത്രിക സൂനഹദോസ് മേല്പ്രസ്താവിച്ച ദുർവ്യാഖ്യാതാക്കൾക്കു വിരോധമായി സത്യവിശ്വാസത്തെ ഇങ്ങനെ അധ്യവസാനംചെയ്തു. "വി. കുർബ്ബാനയുടെ കൂദാശയിൽ ന. ക. ഈശോമിശിഹായുടെ ശരീരവും രക്തവും ആത്മാവോടും ദൈവത്വത്തോടുംകൂടി; തന്മൂലം മിശിഹാ മുഴുവൻതന്നെ, സത്യമായും യഥാൎത്ഥമായും സാരമായും, (truly, really and substantially) ഉണ്ടായിരിക്കുന്നു എന്നു ആരെങ്കിലും നിഷേധിക്കുകയോ: അടയാളത്തിൽ അഥവാ ഛായയിൽ അഥവാ ശക്തിയിൽ (in sign or in figure or virtue) എന്ന പോലെ മാത്രമേയുള്ളു എന്നു പറയുകയോ ചെയ്താൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ." (Trid. Sess. xiii can. 1.) വി. ലിഖിതത്തിൽ സ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുള്ളതും പാരമ്പൎയ്യമായി വിശ്വസിക്കപ്പെട്ടുപോന്നിരുന്നതും ആയ ഒരു സത്യത്തെയാണു് സത്യസഭ അന്നു നിൎവ്വചനം ചെയ്തതു്.

ഈ വിശുദ്ധ കൂദാശയെ സ്ഥാപിക്കുന്നതിനുമുൻപുതന്നെ ഈ അമൂല്യ ദാനത്തെ ദിവ്യരക്ഷകൻ സ്വശിഷ്യരെ അറിയിക്കുകയും തന്റെ ശരീരംതന്നെ അതുവഴിയായി അവൎക്കു ഭക്ഷിക്കുന്നതിനു നൽകാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു. അന്നുമുതൽ ക്രിസ്തുവിന്റെ വിശ്വസ്തശിഷ്യർ അതിനെ സ്വ

ദ്ധാ വിശ്വസിച്ചിരുന്നതുകൊണ്ടു സ്ഥാപനാവസരത്തിൽ അവർക്കു വലിയ വിസ്മയം ഉണ്ടായില്ലെന്നുവേണം വിചാരിക്കുവാൻ. വി. യോഹന്നാന്റെ സുവിശേഷം ൬-ാം അദ്ധ്യായത്തിലാണു് ദിവ്യകാരുണ്യസ്ഥാപനത്തെക്കുറിച്ചുള്ള വാഗ്ദാനം രേഖപ്പെട്ടതി കാണുന്നതു്. ൩൫ മുതൽ ൪൦ വരെയുള്ള വാക്യങ്ങളിൽ ക്രിസ്തു, താൻ ജീവന്റെ അപ്പമാണെന്നു പറഞ്ഞു തുടങ്ങി. രക്ഷപെടുന്നതിനാഗ്രഹിക്കുന്നവർ തന്നിൽ വിശ്വസിക്കണമെന്നുപദേശിക്കുന്നു. വിശ്വാസത്തിന്റെ ആവശ്യകതയെ ഇങ്ങനെ ഉൽബോധനം ചെയ്തിട്ടു ൪൭ മുതൽ ൫൧ വരെയുള്ള വാക്യങ്ങളിൽ മിശിഹാ വീണ്ടും താൻ ജീവന്റെ അപ്പമാണെന്നു പറഞ്ഞുതുടങ്ങി. . തന്റെ മാംസത്തെതന്നെ വാഗ്ദാനം ചെയ്തുകൊണ്ടു വിശ്വസിക്കേണ്ട ഒരു മഹാ രഹസ്യത്തെ വെളിപ്പെടുത്തുന്നു. "ഞാൻ ആയുസ്സിന്റെ അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തു... ഞാൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയ ജീവനുള്ള അപ്പമാകുന്നു. ഈ അപ്പത്തിൽനിന്നു യാതൊരുവൻ ഭക്ഷിക്കുന്നുവോ അവൻ എന്നന്നേക്കും ജീവിക്കും, എന്നുതന്നെയല്ല ഞാൻ കൊടുക്കുന്ന അപ്പം ലോകത്തിന്റെ ആയുസ്സിന്നായി എന്റെ മാംസമത്രെ."

യഹൂദന്മാർ ഇതുനിമിത്തം അവരുടെ ഇടയിൽതന്നെ തർക്കിച്ചു പറഞ്ഞു. "ഈ മനുഷ്യനു് അവന്റെ മാംസം നമുക്കു ഭക്ഷിക്കുവാൻ തരുന്നതിനു എങ്ങനെ കഴിയും?" അപ്പോൾ ഈശോ അവരോടു അരുൾചെയ്തു. "ഞാൻ സത്യം സത്യമായി നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽ ജീവനുണ്ടാകുന്നതല്ല. എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യായുസ്സുണ്ടായിരിക്കും. മാത്രമല്ല അവസാനദിവസത്തിൽ ഞാൻ അവരെ എഴുന്നേല്പിക്കും. എന്തുകൊണ്ടെന്നാൽ എന്റെ മാംസം യഥാർത്ഥ ഭക്ഷണവും എന്റെ രക്തം യഥാർത്ഥ പാനീയവുമാകു

ന്നു." മിശിഹാ അവിടത്തെ സാക്ഷാൽ സാന്നിദ്ധ്യത്തെ ഇത്ര വിശദമായും സംശയരഹിതമായും മുന്നറിയിച്ചിരിക്കെ ഈ വസ്തുതയെ സംശയിക്കുന്നതുതന്നെ വിസ്മയാവഹമല്ലയോ? അന്നു മിശിഹായുടെ പ്രഭാഷണത്തെ കേൾക്കുന്നതിനു അവിടെ കൂടിയിരുന്നവർ പ്രസ്തുത വാക്യങ്ങളെ അവയുടെ സാക്ഷാത്തായ അൎത്ഥത്തിൽ ഗ്രഹിച്ചതുപോലെ നാമും അവയെ ഗ്രഹിക്കുന്നു. എന്നാൽ അവരിൽ ചിലർ മിശിഹായുടെ ശക്തിയെക്കുറിച്ചു സംശയിച്ചു അവിശ്വാസികളായി അവിടത്തെ ഉപേക്ഷിച്ചുപോയതുപോലെ ഇന്നു ചിലർ ആ വാക്യങ്ങളെ രൂപകാൎത്ഥമായി വ്യാഖ്യാനിച്ചു സത്യത്തിൽ നിന്നു വ്യതിചലിക്കുന്നു. ആദ്യഭാഗത്തു പറഞ്ഞിട്ടുള്ള അപ്പം വിശ്വാസത്തെ സൂചിപ്പിക്കുന്നതായി നമുക്കു സമ്മതിക്കാമെങ്കിലും രണ്ടാമതു പറഞ്ഞ അപ്പത്തിനു അങ്ങനെ ഒരു അൎത്ഥം കല്പിക്കുവാൻ നിവൃത്തിയില്ല. ആദ്യം പ്രസ്താവിക്കപ്പെട്ട ജീവൻെറ അപ്പവും രണ്ടാമതു പറഞ്ഞ ജീവൻെറ അപ്പവും തമ്മിൽ വ്യത്യാസമുണ്ടെന്നു വ്യത്യസ്തമായ പദപ്രയോഗത്തിൽ നിന്നുതന്നെ ന്യായമായി അനുമാനിക്കാം. ആദ്യഭാഗത്തില്ലാത്ത "മാംസം ഭക്ഷിക്കുക. രക്തം കുടിക്കുക." എന്ന പ്രയോഗം രണ്ടാംഭാഗത്തു കാണുന്നു. യൂദന്മാരുടെ ഭാഷയിൽ അപ്പത്തെ സൂചിപ്പിക്കുന്നതിനു ഉപയോഗിക്കുന്ന പദത്തിനുതന്നെ വിശ്വാസം എന്ന രൂപകാൎത്ഥം ഉണ്ടെങ്കിലും ആരെയെങ്കിലും വിശ്വസിക്കുന്നതിനു അദ്ദേഹത്തിൻെറ 'മാംസം ഭക്ഷിക്കുക. രക്തം കുടിക്കുക' എന്ന പ്രയോഗമേ ഇല്ല. ആദ്യഭാഗത്തു "എൻെറ പക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവനു ദാഹിക്കുകയില്ല" എന്നു പറയുകയിൽ രണ്ടാംഭാഗത്തു "എൻെറ മാംസം യഥാൎത്ഥ ഭക്ഷണം ആകുന്നു." (യോ. ൬: ൫൬) എന്നു പറയുന്നു. ആദ്യത്തെ അപ്പം അതായതു വിശ്വാസംവഴി മിശിഹായുടെ പക്കലേക്കു നമ്മൾ അടുക്കുന്നു എങ്കിൽ (യോ. ൬: ൩൫. ൩൬. ൪൪. ൪൫.) രണ്ടാമത്തേതുവഴിയായി അവിടുന്നു നമ്മളാൽ ഭക്ഷിക്കപ്പെടുകയും നമ്മിൽ അധിവസിക്കുകയും ചെയ്യുന്നു. (യോ. ൬: ൫൭) തന്മൂലം ആദ്യത്തെ അപ്പ

ത്തെ രൂപകാൎത്ഥത്തിൽ സ്വീകരിക്കാൻ പാടുള്ളതുകൊണ്ടു രണ്ടാമത്തേതും അതേ അൎത്ഥത്തിൽ വ്യാഖ്യാനിക്കണമെന്നുള്ള വാദം യുക്തിവിരുദ്ധമാണു്.

എന്നാൽ രൂപകാൎത്ഥം നൽകുന്നതിനു വല്ല ന്യായവും ഉണ്ടോ? ഗൗരവാവഹമായ യാതൊരു ന്യായം നിൎബ്ബന്ധിക്കുകയില്ലെങ്കിൽ വേദോക്തികളെ അക്ഷരാൎത്ഥത്തിൽ തന്നെയാണു് മനസ്സിലാക്കേണ്ടതു് (രൂപകാൎത്ഥത്തിനു പഴുതുണ്ടായിരുന്നാൽ പോലും). ഇതു സൎവ്വസമ്മതമായ ഒരു വ്യാഖ്യാനനിയമമാണു്. നമ്മുടെ വിഷയത്തിലാകട്ടെ താദൃശമായ യാതൊരു ന്യായവും ഇല്ലെന്നു മാത്രമല്ല, രൂപകാൎത്ഥത്തെ പാടെ പരിവൎജ്ജിക്കുന്നതിനാണു് ന്യായമുള്ളതു്. ഒരുത്തന്റെ മാംസം ഭക്ഷിക്കുക, രക്തം കുടിക്കുക എന്ന പ്രയോഗങ്ങൾക്കു ഒരുത്തനെ ആക്ഷേപിക്കുക എന്നല്ലാതെ പൗരസ്ത്യ ഭാഷകളിൽ വേറെ യാതൊരു രൂപകാൎത്ഥവുമില്ല. അതുകൊണ്ടു രൂപകാൎത്ഥം വല്ലതും ഉണ്ടായേക്കാമോ എന്നു സംശയിക്കുന്നതിനുപോലും ഇടം ഉണ്ടാകാത്തവണ്ണം അത്ര വിശദമായിട്ടാണു് മിശിഹാ തന്റെ മാംസത്തെ വാഗ്ദാനം ചെയ്തതു് എന്നു തെളിയുന്നു. അവിടുന്നു കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്ന അപ്പം തന്റെ സ്വന്തശരീരം ആണെന്നു പറയുന്നു. (യോ. ൬: ൫൧) യൂദന്മാർ ഈ വാക്യത്തെ അക്ഷരാൎത്ഥത്തിൽ ഗ്രഹിച്ചു അതിന്റെ സംഭാവ്യതയേക്കുറിച്ചു സംശയിച്ചു് അവരുടെ ഇടയിൽ തൎക്കിച്ചപ്പോൾ (യോ. ൬: ൫൨) അവിടുന്നു ആദ്ധ്യാത്മിക മരണത്താൽ അവരെ ഭയപ്പെടുത്തിക്കൊണ്ടും നിത്യജീവൻ വാഗ്ദാനം ചെയ്തുകൊണ്ടും തന്റെ മാംസത്തെ തന്നെ ഭക്ഷിക്കണമെന്നു അവരോടു ആജ്ഞാപിക്കുന്നു. (യോ. ൬: ൫൩, ൫൪) അവിടുത്തെ മാംസത്തെ ഭക്ഷിക്കുന്നതിനുള്ള ന്യായത്തെയും (യോ. ൬: ൫൫) അതിന്റെ ഫലത്തെയും (യോ. ൬: ൫൬-൫൮) അവിടുന്നു വിശദമായി ചൂണ്ടിക്കാണിച്ചു അവരെ പ്രേരിപ്പിക്കുന്നു. യൂദന്മാർ ഈ പ്രഭാഷണത്തെ അക്ഷരാൎത്ഥത്തിൽതന്നെ ഗ്രഹിച്ചു എന്നു യോ. ൬: ൫൨. ൬൧ എന്നീ വാക്യങ്ങളിൽനിന്നു തെളിവായി കാണാം. എന്നാൽ മിശിഹാ രൂ

പകാൎത്ഥമാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ അവരെ ഉടനെ തിരുത്തുകയില്ലായിരുന്നുവോ? അവിടുത്തെ സാധാരണ പ്രവൎത്തനരീതി നോക്കിയാൽ അങ്ങനെ ചെയ്യുമായിരുന്നു എന്നുവേണം അനുമാനിക്കേണ്ടതു്. ഉദാഹരണത്തിനുവേണ്ടി യോ. ൩; ൩-൨ മത്താ. ൧൬: ൬-൧൨. യോ. വ്യ: ൭.൧-൭ൻ കാണുക. എന്നാൽ തന്റെ ശിഷ്യന്മാരും മററു യൂദന്മാരും ഈ പ്രബോധനത്തെ അക്ഷരാൎത്ഥത്തിൽ ഗ്രഹിച്ചതിനാൽ അവരിൽ പലരും അങ്ങേ വിട്ടുപോകുന്നതു കണ്ടിട്ടും (യോ. വ്യ: ൬൬) അവിടുന്നു അതിനെ നിവൎത്തിച്ചില്ലാതെ അവിടുന്നു കരുതിയതു രൂപകാൎത്ഥമാണെന്നു പറയുകയുണ്ടായില്ല. അതുകൊണ്ടു ദിവ്യഗുരു ഉദ്ദേശിച്ചതു അവർ ഗ്രഹിച്ച അക്ഷരാൎത്ഥംതന്നെയെന്നു സ്പഷ്ടമാണ്. (തുടരും)

# യോബും ജിമ്മിയും.

"ജിമ്മി, ഇന്നു കാലത്തു നീ പള്ളിയിൽവെച്ചു എടുത്തിച്ചു കൊണ്ടിരുന്നതു എന്തുമാതിരി കൊന്തയാണ്? ഞാൻ ഇതിനു മുമ്പു ഇത്തരം കൊന്ത കണ്ടിട്ടില്ല. എന്റെ കൊന്ത നിന്റേതിനേക്കാൾ വളരെ വലുതാണ്. നിനക്കു അതു എവിടെ കിട്ടി?"

"ഞാൻ എപ്പോഴും ബോഡ് തുടയ്ക്കുന്നതിനു സമ്മാനമായി എവുപ്രാസിയമ്മ എനിക്കു തന്നതാണ്; പ്രേഗിലെ ഉണ്ണിയുടെ കൊന്തയാണ് ഇതു്."

"ഉണ്ണിക്കൊന്തയോ? അതു എന്താണ്?"

"പ്രേഗിലെ ഉണ്ണിയെ കുറിച്ചു നീ ഒരിക്കലും കേട്ടിട്ടില്ലേ? അമ്മ എന്നോടു പറയുന്നതുവരെ ഞാനും അതിനെക്കുറിച്ചു അറിഞ്ഞിരുന്നില്ല. നിനക്കു അതിനെക്കുറിച്ചു അറിയുവാൻ താല്പൎയ്യമുണ്ടോ?"

"ഉവ്വ്, ഈ ബഞ്ചിന്മേൽ ഇരുന്നു നിനക്കു അതിനെക്കുറിച്ചു അറിയാവുന്നതു് എന്നോടു പറയുക. അതു രസമുള്ളതാണെന്നാണല്ലോ തോന്നുന്നതു്."

ജിമ്മിയും യോബും ബെഞ്ചിന്മേൽ ഇരുന്നു. ജിമ്മി കഥ ഇങ്ങിനെ ആരംഭിച്ചു.

"കൊള്ളാം. അതു ഇപ്രകാരമാണ്. വളരെ കൊല്ലങ്ങൾക്കുമുമ്പ് പ്രേഗിൽ ഒരു കർമ്മലീത്താ ആശ്രമം ഉണ്ടായിരുന്നു. അതിലെ സന്യാസികൾ വളരെ ദരിദ്രരായിരുന്നതുകൊണ്ടു പലപ്പോഴും അവർ പട്ടിണികിടക്കേണ്ടതായി വന്നിട്ടുണ്ട്. ഒരു ഭക്തയായ രാജകുമാരി ഇവരുടെ ദാരിദ്ര്യത്തെക്കുറിച്ചു അറിഞ്ഞു ഒരു ദിവസം ഒരു ഉണ്ണീശോയുടെ കൊത്തുരൂപം ആശ്രമത്തിൽ കൊണ്ടുവന്നു സന്യാസികളെ ഏല്പിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു: 'നിങ്ങൾ ഈ വി. ഉണ്ണിയെ സ്നേഹിക്കുകയും ഉണ്ണിയുടെ ഈ പ്രതിമയെ വണങ്ങുകയും ചെയ്താൽ നിങ്ങൾക്കു ഒരിക്കലും ദാരിദ്ര്യമുണ്ടാകയില്ല.' ആ പ്രതിമയെ ധരിപ്പിച്ചിരുന്നതു് വിശേഷതരം ഒരു കാപ്പയായിരുന്നു. ഉണ്ണീശോ കൈയിൽ ഒരു സ്വർണ്ണ ഗോളവും വഹിച്ചുകൊണ്ടു നില്ക്കുന്ന ഒരു പ്രതിമ അമ്മ എന്നെ കാണിച്ചുതന്നു. അതു നിന്നെയും കാണിച്ചുതരുന്നതിന് ഞാൻ അമ്മയോടു പറയാം. കുറേക്കാലം സന്യാസികൾ ആ പ്രതിമയെ വണങ്ങിവന്നു. അന്നു അവർക്കു യാതൊന്നിനും ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഒരു അച്ചൻ ആ പ്രതിമയെ പ്രത്യേകം സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ പേരു ചീരില്ലോസച്ചൻ എന്നാണ്.

"കുറെ കഴിഞ്ഞപ്പോൾ ആ സ്വരൂപത്തോടുള്ള സന്യാസികളുടെ വണക്കം കുറഞ്ഞുതുടങ്ങി. അവർക്കു വീണ്ടും ദാരിദ്ര്യം അനുഭവിക്കേണ്ടിവന്നു. അവരെ പ്രേഗിൽനിന്നു ഓടിക്കയും അവരുടെ സന്യാസഭവനം മിക്കവാറും നശിപ്പിക്കയും ചെയ്തു. ഏഴു കൊല്ലം കഴിഞ്ഞു അവർ അനുവാദപ്രകാരം മടങ്ങിവന്നപ്പോൾ ഈ പ്രതിമയെക്കുറിച്ചുള്ള ഒരു ഓർമ്മപോലും അവർക്കുണ്ടായില്ല. അവർ വീണ്ടും അവിടെനിന്നു ഓടിക്കപ്പെടുകയും രണ്ടാമത്തും മടങ്ങി വരികയും ചെയ്തു. ഉണ്ണിയുടെ പ്രതിമയെ അത്യധികം സ്നേഹിച്ചിരുന്ന ചീരില്ലോസച്ചനെയും ഇത്തവണ അങ്ങോട്ടു അയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം അനുവാദത്തോടുകൂടെ ആ പ്ര

തിമയെ അന്വേഷിക്കയും ഒടുവിൽ ഒരു കുപ്പക്കുഴിയിൽനിന്ന അതിനെ കണ്ടെടുക്കുകയും ചെയ്തു. ആ പാവപ്പെട്ട അച്ചൻ അതിനെ തുടച്ചു വെടിപ്പാക്കി ഒരു അൾത്താരമേൽ സ്ഥാപിച്ചു. സന്ന്യാസികൾ പണ്ടത്തെപ്പോലെ അതിനെ വണങ്ങുവാൻ ആരംഭിച്ചു. സന്ന്യാസാശ്രമം വീണ്ടും അഭിവൃദ്ധി പ്രാപിച്ചുതുടങ്ങി.

"ഒരു ദിവസം ചീരില്ലോസച്ചൻ ആ സ്വരൂപത്തിന്റെ മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സ്വരം കേട്ടു. അതു ഇപ്രകാരമായിരുന്നു: 'എന്റെമേൽ ദയയുണ്ടായിരുന്നാൽ എനിക്കു നിന്റെമേലും ദയയുണ്ടായിരിക്കും. എന്റെ നഷ്ടപ്പെട്ട കൈകളെ എനിക്കു തരിക. എന്നാൽ ഞാൻ നിന്റെ ആവശ്യങ്ങളെ സാധിച്ചുതരാം.' ചീരില്ലോസച്ചൻ പ്രതിമയെ പരിശോധിച്ചപ്പോൾ അതിന്റെ കൈകൾ ഒടിഞ്ഞുപോയിരിക്കുന്നതായി കണ്ടു. അദ്ദേഹം വളരെ ബുദ്ധിമുട്ടി അതിനെ നന്നാക്കുന്നതിനു ശ്രമിച്ചുവെങ്കിലും, ആ പ്രതിമയെ ചമയ്പ്പൂരയുടെ വാതില്ക്കൽ വെയ്ക്കുന്നതിനും അതിനെ നന്നാക്കുന്നവനു തക്ക പ്രതിഫലം കിട്ടുമെന്നും വീണ്ടും ഒരു അശരീരിവാക്യമുണ്ടായി. അധികകാലം കഴിയുന്നതിനുമുമ്പ് ഒരാൾ ആ പ്രതിമ കാണുകയും അതിനെ സ്വന്തം ചിലവിന്മേൽ നന്നാക്കുന്നതിനു അനുവാദത്തിനു അപേക്ഷിക്കയും ചെയ്തു. അയാൾ അപ്രകാരം ചെയ്തതിനാൽ അയാൾക്കു ഒരു വലിയ അനുഗ്രഹം ലഭിച്ചു.

"ഈ സംഭവത്തിനുശേഷം ഈ പ്രതിമയോടുള്ള ഭക്തി പ്രെഗ്നഗരത്തിലും മററു സ്ഥലങ്ങളിലും പ്രചരിച്ചു. അതുകൊണ്ടാണു അതിനെ പ്രേഗിലെ ഉണ്ണീശോയുടെ പ്രതിമ എന്നു വിളിച്ചുവരുന്നത്. പ്രേഗിലെ ഉണ്ണീശോയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു യഥാശക്തി ശ്രമിച്ചുകൊള്ളാമെന്നു എവപ്രാസിയമ്മ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണു അമ്മ ഈ കൊന്ത എനിക്കു തന്നത്."

യോബ്: "ഇതു രസമുള്ള കഥതന്നെ. ജിമ്മി, ഇതു എത്തിക്കുന്നതു എങ്ങിനെയാണു?"

ജിമ്മി: "അതു പറയാം. ഈ മൂന്നു വലിയ മണികളും പി

ടിച്ചുകൊണ്ടു തിരുക്കുടുംബത്തിന്റെ സ്തുതിക്കായി മൂന്നു ആകാശങ്ങളിൽ ഇരിക്കുന്ന നമസ്കാരം എത്തിക്കണം. ഈ ചെറിയ പന്ത്രണ്ടു മണികളും പിടിച്ചു ഉണ്ണീശോയുടെ പന്ത്രണ്ടു കൊല്ലത്തെ ബാല്യത്തെ ഓൎത്തുകൊണ്ടു പന്ത്രണ്ടു നന്മനിറഞ്ഞമറിയം എത്തിക്കണം. ഓരോ ആകാശങ്ങളിൽ ഇരിക്കുന്നതിനും, നന്മനിറഞ്ഞമറിയത്തിനും മുമ്പ് ‘വചനം മാംസമായി ഞങ്ങളിൽ കുടിയിരുന്നു’ എന്നുകൂടി ചൊല്ലേണ്ടതാണു ഈ കൊന്ത ഭക്തിയോടുകൂടെ ധരിക്കയും ജപിക്കയും ചെയ്യുന്നവൎക്കു പല വിശേഷ അനുഗ്രഹങ്ങളും പ്രത്യേകിച്ചു നിഷ്കളങ്കതയും പരിശുദ്ധിയും നൽകുന്നതാണെന്നു ഉണ്ണീശോതന്നെ അറിയിച്ചിട്ടുണ്ടെന്നു അമ്മ പറഞ്ഞു.”

യോബ്: “വളരെ വിശേഷംതന്നെ. ഇത്തരം ഒരു കൊന്ത എനിക്കുമുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു.”

ജിമ്മി: “പൌളിനോസച്ചന്റെ അടുക്കൽ കുറെ ഉണ്ടെന്നാണു തോന്നുന്നതു്. നിനക്കു അദ്ദേഹത്തിന്റെ അടുക്കൽ പോയി ഒന്നു വാങ്ങിച്ചുകൂടയോ?”

യോബ്: “പൌളിനോസച്ചന്റെ അടുക്കലുണ്ടെങ്കിൽ എനിക്കു തീൎച്ചയായിട്ടും ഒന്നു കിട്ടും. വരിക, നമുക്കു അദ്ദേഹത്തിന്റെ അടുക്കൽ പോകാം.

## വി. കുൎബാന.

പ. ദിവ്യകാരുണ്യത്തിന്റെനേൎക്കു പൊതുജനങ്ങൾക്കുണ്ടായിരുന്ന അനാസ്ഥനിമിത്തം ൧൨൪൬-ൽ പരിശുദ്ധാത്മാവു് ബൽജിയത്തിൽ ലീയഗിനു സമീപമുള്ള മൌണ്ട് കൊൎമ്മില്ലോനിലെ ഒരു വിനീത കന്യകയായ ഭാ. ജൂലിയാനായോടു വി. കുൎബ്ബാനയുടെ തിരുനാൾ ആരംഭിക്കുന്നതിനായി അറിയിച്ചു. എന്നാൽ ലീയഗിലെ മെത്രാൻ തന്റെ രൂപതയിൽ ൧൨൪൬-ലും ൪-ാം ഉൎബാനോസ് മാൎപ്പാപ്പാ തിരുസ്സഭയിൽ ൧൨൬൪-ലും മാത്രമാണു ഈ തിരുനാൾ കൊണ്ടാടുന്നതിനു അനുമതി നൽ

കിയത്ത്.

വി. കുർബ്ബാനയിൽ സന്നിഹിതനായിരിക്കുന്ന ഈശോയുടെ തിരുശ്ശരീരത്തോടു ജനങ്ങൾ കാണിക്കുന്ന അനാദരവ് നിമിത്തമാണ് ഈ തിരുനാൾ സ്ഥാപിതമായിരിക്കുന്നതെങ്കിൽ നാം തീർച്ചയായിട്ടും ഈ വലിയ കൃദാശയെപ്പററി അല്പം വിചിന്തനം ചെയ്യുന്നതു ആവശ്യമായിരിക്കുന്നു. മനുഷ്യർക്ക് സ്വാഭാവികവും അതിസ്വാഭാവികവും എന്നിങ്ങനെ രണ്ടു ജീവിതമാണുള്ളത്. ഇതിൽ സ്വാഭാവിക ജീവനെ സംരക്ഷിക്കുന്നതിനു നാം പലതരത്തിലുള്ള ഭക്ഷണങ്ങൾ കഴിക്കുന്നു. ഇതുപോലെതന്നെ നാം അതിസ്വാഭാവികജീവനെയും രക്ഷിക്കേണ്ടതു ആവശ്യമാണല്ലോ. ദൈവത്തിൻെറ ഛായയിലും മാതൃകയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന, ദൈവത്തെപ്പോലെതന്നെ നിത്യമായിരിക്കുന്ന അതിസ്വാഭാവികജീവനെ, ആത്മാവിനെ തൃപ്തിപ്പെടുത്തുന്നതിനു എന്തുകൊണ്ടാണ് സാധിക്കുക? ദൈവത്തെക്കൊണ്ടല്ലാതെ മററൊന്നിനും സാധിക്കുകയില്ല. നാം മന്ദരായാലും ശക്തരായാലും ക്ഷീണരായാലും തന്നെ സ്വീകരിക്കണമെന്നാണ് ഈശോയുടെ അതിയായ വാഞ്ഛ. ഒരുത്തൻ മന്ദനാണെങ്കിൽ അവൻ ദിവ്യകാരുണ്യത്തിലെ ഈശോയുടെ അടുക്കൽ പോകട്ടെ; അവിടുന്നു ദിവ്യസ്നേഹാഗ്നിയുടെ ഉത്ഭവസ്ഥാനമാണ്. അങ്ങ് അവൻെറ തണുത്ത ആത്മാവിനെ ഉജ്ജ്വലിപ്പിക്കും. ഒരുത്തൻ ശക്തനാണെങ്കിൽ അവനെ അവിടുന്നു സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ "കർത്താവു നഗരം കാക്കാതിരുന്നാൽ കാവല്ക്കാരൻ വൃഥാ ഉണർന്നിരിക്കുന്നു." (സങ്കീർത്തനം ൧൨൬, ൧.) പിശാചിൻെറ പ്രലോഭനങ്ങളാൽ സർവ്വദാ പരീക്ഷിക്കപ്പെടുന്ന ആത്മാവേ, നീ നമ്മുടെ ദിവ്യരക്ഷകൻെറ കരങ്ങളിൽ അഭയം തേടുക. അവിടുന്നു ജീവൻെറ അപ്പത്തെ തരുന്നതിനു നിനക്ക് ഒരു മാലാഖായെ അല്ല, ഒരു വൈദികനെ, മറെറാരുക്രിസ്തുവിനെ നിൻെറ അടുക്കൽ അയയ്ക്കും. ഈ ദിവ്യ അപ്പത്തിൻെറ ശക്തിനിമിത്തം നീ പുണ്യപൂർണ്ണതയുടെ അത്യുച്ചിയിൽ എത്തുകയും നിത്യരക്ഷ പ്രാപിക്കുകയും ചെയ്യും. എ. എൽ.

# ഓക്സ്ഫോർഡ് പ്രസ്ഥാനം.

## V.

(ചരിത്രജ്ഞൻ.)

ആധുനിക ചിന്തകന്മാരുടെ ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനു ശക്തമായ ഒരുപാധി ഉൽകൃഷ്ടമായ ഇംഗ്ലീഷ കത്തോലിക്കാ സാഹിത്യമാണെന്നായിരുന്നു ന്യൂമാൻ പ്രഭൃതികളുടെ അഭിമതം. കത്തോലിക്ക സർവ്വകലാശാലകൾക്കല്ലാതെ കത്തോലിക്ക സാഹിത്യത്തെ സൃഷ്ടിക്കുന്നതിനോ പോഷിപ്പിക്കുന്നതിനോ കഴിയുന്നതല്ലല്ലോ. ഇംഗ്ലീഷ് സാഹിത്യം അതിന്റെ ആരംഭദശ മുതൽത്തന്നെ പ്രോട്ടസ്റ്റാന്റു അധീനതയിലായിരുന്നുവെന്നും തൽഫലമായി ആ സാഹിത്യത്തിനു ഒരു പ്രോട്ടസ്റ്റാന്റു ഛായതന്നെ വന്നിട്ടുണ്ടെന്നുമാണ് ന്യൂമാൻ ബലമായി വാദിക്കുന്നത്. "ഇംഗ്ലീഷ് കത്തോലിക്കരുടെ ആധുനികസ്ഥിതി" എന്ന ഗ്രന്ഥത്തിൽനിന്നും ഇതിനൊരു സാക്ഷ്യം ഉദ്ധരിക്കാം. "ആംഗ്ലേയസാഹിത്യം അതിന്റെ സ്വതസിദ്ധമായ ലാളിത്യം, മൃദുത്വം, ഗാംഭീര്യത്വം എന്നീ ഗുണങ്ങളാൽ അലംകൃതയായി ലോകരംഗത്തു ആവിർഭവിച്ചതോടുകൂടി പ്രോട്ടസ്റ്റാന്റു മതം അതിനെ സ്വാധീനപ്പെടുത്തി വേഷഛന്നയാക്കി. അവരുടെ ആബദ്ധ്യങ്ങളെ പ്രചരിപ്പിക്കുന്നതിനുള്ള ഭാഷയാക്കി മാററി. ൧൬-ാം നൂററാണ്ടിലെ ആംഗ്ലേയ കവികേസരികൾ തന്നെ ഇതഃപര്യന്തം അതിന്റെ രീതിക്കു സ്ഥിരീകരണം നൽകി. അതിന്റെ ഉദ്ബോധനാശക്തി വിശാലവും എന്നാൽ യുക്തിരഹിതങ്ങളുമായ പ്രോട്ടസ്റ്റാന്റു പാരമ്പര്യങ്ങളാകുന്നു. ഒരു രാഷ്ട്രത്തെ മുഴുവനും എന്നപോലെതന്നെ അന്നുമുതൽ ഇന്നുവരെ എല്ലാ ആംഗ്ലേയ കവികളെയും സ്വമേധയാ അടിമപ്പെടുത്തിയിട്ടുള്ളതും ഇതു തന്നെയാണ്. ഇതിന്റെ വ്യാപകശക്തിയും ആകർഷണവും അത്ര വലുതാണുപോൽ.

മേൽപ്രസ്താവിച്ച കാരണങ്ങളാൽ ഒരു ആംഗ്ലേയ കത്തോലിക്ക സാഹിത്യത്തെ സൃഷ്ടിക്കേണ്ടതു് അത്യന്താപേക്ഷിതമായിരുന്നു. ആംഗ്ലേയ സാഹിത്യത്തിൽ കത്തോലിക്കർക്കു ഉന്നതമായ ഒരു സ്ഥാനം ലഭിക്കുന്നതിനോ കത്തോലിക്കരുടെ പാരായണ

വിഷയം കത്തോലിക്ക ഗ്രന്ഥങ്ങൾ മാത്രമേ ആകാവൂ എന്ന സങ്കുചിത മനസ്ഥിതിയോ ആയിരുന്നില്ല ഇതിന്നു കാരണം. അതു ആധുനിക ഭാഷാസാഹിത്യത്തിന്റെ യഥാർത്ഥ വളർച്ചക്കോ പോഷണത്തിനോ പര്യാപ്തമാകയില്ലല്ലൊ. കത്തോലിക്കരാൽ വിരചിതമാകുന്നവ കത്തോലിക്ക മതതത്വങ്ങളെയൊ, ചരിത്രങ്ങളെയൊ, പ്രബോധനങ്ങളെയൊ പരാമർശിച്ചോ, ആസ്പദമാക്കിയൊ ഉള്ള ഗ്രന്ഥങ്ങളായിരിക്കണം എന്ന ശാഠ്യവും ഉണ്ടായിരുന്നില്ല.

എന്നാൽ സാഹിത്യപരമായ സാധാരണ വിഷയങ്ങളേയും അതാതു കാലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെയും കത്തോലിക്ക ചിന്താഗതിയോടുകൂടി പ്രതിപാദിക്കേണ്ടതു കാലാനുയുക്തമായ ആവശ്യമായിരുന്നു. എത്രയും മഹത്തമമായ വിശ്വാസഗാഥയുടെ അനശ്വരമായ ആദ്ധ്യാത്മിക ചൈതന്യം, സർവ്വവ്യാപകമായ ധാർമ്മികശക്തി, മനുഷ്യഹൃദയത്തിന്റെ വാഞ്ഛകളോടു അതിനുള്ള പരിപൂർണ്ണ ഐക്യം എന്നിവയായിരിക്കണം പുസ്തകപാരായണത്തിനുള്ള പ്രോത്സാഹനങ്ങൾ കൂടാതെ ലേഖനദ്വാരാ സാഹിത്യപോഷണം നടത്തപ്പെട്ടിരുന്ന കാലമായിരുന്നു അതു്. തന്മൂലം ലേഖനം സശ്രദ്ധം പാരായണം ചെയ്യുന്നവർക്കു സാഹിത്യരസംകൊണ്ടും ഒരു പ്രേരണയുണ്ടാകുവാൻ വഴിയുണ്ടു്. ഇങ്ങനെ കാലാന്തരത്തിൽ സത്യവിശ്വാസത്തിന്റെ ഒരു സ്ഥൂലജ്ഞാനമെങ്കിലും അവർക്കു കൈവരുകയും ചെയ്യും. അകത്തോലിക്കത്വത്തിന്റെയും അക്രൈസ്തവത്വത്തിന്റെയും പ്രോത്സാഹനശക്തികൾ പ്രതിബന്ധിക്കപ്പെടും.

മുൻപറഞ്ഞ പ്രകാരം സാഹിത്യലോകത്തിൽ അദ്വിതീയമായ ഒരു സ്ഥാനം കരസ്ഥമാക്കുന്നതിനു ത്രാണിയുള്ള സാഹിത്യപ്രണേതാക്കളെ കത്തോലിക്ക സഭയിൽ പ്രവേശിപ്പിച്ചതു് "ഓക്സ്ഫോർഡ് പ്രസ്ഥാനം" തന്നെ. ആധുനിക സാഹിത്യ പ്രസ്ഥാനം അത്യാവശ്യപ്പെട്ടിരുന്ന പ്രതിപാദനശക്തി അവരാണു് കത്തോലിക്കർക്കു പ്രദാനം ചെയ്തതു്. ഇപ്രകാരംതന്നെ അവർ ഭാവി കത്തോലിക്ക സാഹിത്യസൌധത്തിനു ബലിഷ്ഠമായ

അടിസ്ഥാനമിട്ടു. ഈ ത്രുചികാകാരന്മാരിൽ അഗ്രഗണ്യൻ കാർഡിനൽ ന്യൂമാൻ (Cardinal Newman) തന്നെയായിരുന്നു ബ്ലാക്ക്ബണിലെ മോർലിപ്രഭു (Lord Morely of Blackburn) അദ്ദേഹത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റാന്റുകാരുടെ പ്രഥമ വീക്ഷണത്തിൽ അവിശ്വാസത്തെ ജനിപ്പിക്കുവാൻ പര്യാപ്തമായിരുന്ന സ്ഥിതിയിലേക്കു അവിടത്തെ കത്തോലിക്കാ സമുദായത്തെ ഉയർത്തി. അക്കാലം തുടങ്ങി അദ്ദേഹം ആംഗ്ലേയ സാഹിത്യകേസരികളിൽ ഗണ്യമായ ഒരു നില പ്രാപിച്ചു." ഈ മഹാനുഭാവൻെറ ലേഖനതല്ലജങ്ങൾ കത്തോലിക്കാ ചിന്താഗതിയോടുകൂടിയവയും അനിതരസാധാരണമായ ഭാഷാലാലിത്യത്തോടുകൂടിയവയുമായിരുന്നു. ആംഗ്ലേയ സാഹിത്യം നാമാവശേഷമാകുന്നതുവരെ ന്യൂമാൻ പ്രഭൃതികളുടെ വിശിഷ്ട കൃതികളും നിലനില്ക്കുന്നതാണ്. ഈ പുസ്തകങ്ങൾ മുഖേന തൻെറ മഹനീയാശയങ്ങളെ ജനാവലിക്കു പ്രദാനം ചെയ്യുകയും "ഞാൻ ഭാവിക്കുവേണ്ടി രചിക്കുന്നു" എന്ന തൻെറ ചിരപ്രാർത്ഥിതമായ പ്രവചനം അന്വർത്ഥമാക്കുകയും ചെയ്തു

'ഓക്സ്ഫോർഡ് പ്രസ്ഥാന'ത്തിൻെറ ഫലങ്ങളെപ്പററി ചിന്തിക്കുമ്പോൾ ഏതാനും ചില വ്യത്യാസങ്ങൾ കണ്ടേക്കാം. ആംഗ്ലിക്കൻ സഭയിൽ അതു് ഉത്ഭവിക്കുകയും ആകപ്പാടെ ഒരു നവചൈതന്യം ഉളവാക്കുകയും ചെയ്തെങ്കിലും കത്തോലിക്കാ സഭയിലേക്കു വീണ്ടും പരിവർത്തനം ചെയ്യുന്നതിനുണ്ടായ ശ്രമത്തിൽ അതു പൂർവ്വ പ്രോട്ടസ്റ്റാൻറു സഭയായിത്തീർന്നു കത്തോലിക്കാ സഭയിലാകട്ടെ അതിൻെറ ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഹൃദയപൂർവ്വമായ ആനുകൂല്യങ്ങളും സഹകരണങ്ങളും ലഭിക്കുകയും തന്മൂലം അതിനെ പൂർവ്വവൽ ശക്തിമത്താക്കി ശത്രുക്കളുടെ കാലോചിതമായ ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും പരാജയീഭവിപ്പിക്കുന്നതിനും ശക്തമാക്കിത്തീർത്തു.

# ശ്രീയേശുഗീതി.

(കെ. വി. ജോസഫ് ഞൂമ്മെൻ)

ബിഹാക് ആദി. ഹരിഹരിമാധവാ ! എ, മ.

ജയ ജഗദീശ്വരാ ! ജയ ശുഭാകര !
ശാശ്വതമോദം നല്കു സംപ്രീതം. ജയ.

1. നിത്യപിതാവിൻ നന്ദന നന്മകൾ
നിർണ്ണയമരുളും ലോകപ്രകാശമേ
നീ മേ ഗതി — പരിപാഹി. ജയ.

2. ദൈവിക വേശ്മമേ സ്വർഗ്ഗകവാടമേ
ജ്ഞാനനികേതമേ ജ്ഞാനിതൻദീപമേ
കാരുണ്യം മെ — യരുളേണം. ജയ.

3. ജീവനം മാർഗ്ഗവുമായ് സത്യമായി
ഭവപരിതാപത്തെ തീർത്ത സുദേശികാ !
ചേർത്തിടുക — ശുഭതീരം. ജയ.

# യേശുക്രിസ്തു ദൈവമാണോ?

(ശ്രീമാൻ ആന്റണി സി. കോഴിത്തറ ബി. എ.)

യേശുക്രിസ്തു എന്നൊരു മനുഷ്യൻ ജീവിച്ചിരുന്നു എന്നതു് ചരിത്രജ്ഞാനമുള്ള യാതൊരുത്തനും നിഷേധിക്കയില്ല. പക്ഷേ, അദ്ദേഹം ദൈവമാണ് എന്നു പറയുമ്പോൾ പലരും കണ്ണു ചുവപ്പിച്ചു തുടങ്ങും. ഈ കാര്യത്തിൽ കത്തോലിക്കാസഭയുടെ പഠനം സുവ്യക്തമാണ്. ക്രിസ്തു ഐഹിക പരിപൂർണ്ണത അടങ്ങിയിരിക്കുന്ന ഒരു അതിമാനുഷനാണെന്നോ, ഗുണവൈശിഷ്ട്യങ്ങളാൽ ദൈവത്തോടു ഏററവും അടുത്ത പദവിയെ കൈക്കൊണ്ടിരിക്കുന്നവൻ ആണെന്നോ, സമ്മതിച്ചതുകൊണ്ടു തിരുസ്സഭ തൃപ്തിപ്പെടുന്നില്ല. സത്യദൈവമത്രെ ക്രിസ്തു എന്നാണ് കത്തോലിക്കാസഭയുടെ നിരന്തരമായ പഠനം. ദൈവം എന്ന നിലയിൽ ക്രിസ്തു എല്ലാക്കാലത്തും ഉണ്ടായിരുന്നു. മനുഷ്യൻ എന്ന നി

ലയിൽ അദ്ദേഹത്തിന്റെ ജീവിതം ആരംഭിച്ചത് പരിശുദ്ധ കന്യകയുടെ ഉദരത്തിൽ അവതരിച്ച നാൾ മുതല്ക്കാണ്. വേറൊരുവിധത്തിൽ പറഞ്ഞാൽ, അനാദിയായ ദൈവം ൧൯൩൫ വത്സരങ്ങൾക്കുമുമ്പ് മനുഷ്യനായി ഈ ലോകത്തിൽ പിറന്നു. മർത്ത്യകുലത്തിൽ ജാതനായി എങ്കിലും അദ്ദേഹത്തിന്റെ ദൈവത്വം നശിച്ചിട്ടില്ല.

ക്രിസ്തുവിന്റെ ജീവചരിത്രം സശ്രദ്ധം പാരായണം ചെയ്യുന്ന ഏതൊരുവനും ഒരു വാസ്തവം തെളിവായി ഗ്രഹിക്കുവാൻ നിർബന്ധിതനാണ്. പ്രകൃതിയിലെ സർവ്വചരാചരങ്ങളുടെമേലും യേശുവിനു അധികാരവും ശക്തിയുമുണ്ട്. കടലിനേയും കൊടുങ്കാറ്റിനേയും അദ്ദേഹം ശാന്തമാക്കുന്നു; വെള്ളം വീഞ്ഞാക്കിപ്പകർത്തുന്നു; ഏതാനും അപ്പക്കഷണങ്ങളെ ആയിരക്കണക്കിൽ വർദ്ധിപ്പിക്കുന്നു; കുഷ്ഠരോഗികളേയും കുരുടന്മാരേയും സുഖപ്പെടുത്തുന്നു; മുടന്തന്മാർക്കു സ്വാസ്ഥ്യത നല്കുന്നു; പിശാചുക്കളെ ഓടിക്കുന്നു; ലാസറിനേയും ജായിറസിന്റെ പുത്രിയേയും വിധവയുടെ പുത്രനേയും അവസാനം ക്രൂശിക്കപ്പെട്ട സ്വശരീരത്തെത്തന്നെയും പുനർജ്ജീവിപ്പിക്കുന്നു. ഈദൃശ സംഭവങ്ങൾ അദ്ദേഹത്തിന്റെ ദൈവത്വത്തെ തെളിയിക്കുന്നു എന്നു വാദിച്ചുകൂടാ. വിശുദ്ധാത്മാക്കൾ പലരും വിവിധഘട്ടങ്ങളിൽ ക്രിസ്തുവെപ്പോലെതന്നെ അത്ഭുതകൃത്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. എന്നാലും ഒരു സംഗതി സംശയരഹിതമത്രെ. അത്ഭുതപ്രവർത്തനത്തിനുള്ള ശക്തി ദൈവത്തിലാണ് സ്ഥിതിചെയ്യുന്നത്. അത്ഭുതങ്ങൾ പ്രകൃതിനിയമങ്ങളുടെ ലംഘനമാണ്. പ്രകൃതിനിയമങ്ങളെ ലംഘിക്കുന്നതിന്, അഥവാ, പ്രകൃതിയുടെ സ്വാഭാവികഗതിയെ തടയുന്നതിന്, തൽകർത്താവായ ഈശ്വരന് മാത്രമേ ശക്തിയുള്ളു. ഈശ്വരാനുമതികൂടാതെ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ യാതൊരുത്തനും അശക്യമത്രെ. അത്ഭുതങ്ങൾ ചെയ്യുവാനുള്ള ഈ വരം തന്റെ പ്രേഷ്ഠജനങ്ങൾക്കു മാത്രമേ ദൈവം നല്കുകയുമുള്ളു. ആ സ്ഥിതിക്ക് ക്രിസ്തു ഒന്നുകിൽ ദൈവമായിരിക്കണം, അല്ലങ്കിൽ ദൈവത്തിന്റെ സ്നേഹിതനായിരിക്കണം. ദൈവസ്നേഹിതനെന്നുള്ള

നിലയിലാണ് ക്രിസ്തുവിന്നു അത്ഭുതപ്രവർത്തനങ്ങളുള്ള ശക്തി ദൈവം നല്കിയതെങ്കിൽ, സർവ്വജ്ഞനായ ദൈവം വഞ്ചിക്കപ്പെട്ടുപോയി എന്നാണ് നാം മനസ്സിലാക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ താൻ തന്നെ ദൈവമാണെന്നു ക്രിസ്തു വിവിധാവസരങ്ങളിൽ നിർവ്വിശങ്കം പ്രഖ്യാപനം ചെയ്തിട്ടുണ്ടു്.

ദൈവത്തിന്റെ പ്രത്യേക അധികാരത്തിൽപ്പെട്ട പാപമോചനകർമ്മത്തെയാണ് ക്രിസ്തു നിർവ്വഹിക്കുന്നതു്. പക്ഷവാതരോഗിയോടു് അദ്ദേഹം പറയുന്നതു് "നിന്റെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു" എന്നത്രെ. ശ്രോതാക്കളായിരുന്ന യഹൂദന്മാർ അദ്ദേഹത്തിന്റെ വാക്കുകളെ ഗണിച്ചതു് ദൈവദൂഷണമായിട്ടാണ്. "ദൈവത്തിനു മാത്രമല്ലാതെ ആർക്കാണു പാപങ്ങളെ പൊറുക്കുവാൻ കഴിയുക?" എന്നായിരുന്നു അവരുടെ ആലോചന. അവരുടെ ചിന്താഗതിയെ മനസ്സിലാക്കിയ യേശു ആ പക്ഷവാതരോഗിയെ പെട്ടെന്നു സുഖപ്പെടുത്തി. ഇപ്രകാരം തന്റെ ദൈവത്വത്തെ അവരുടെ മുമ്പിൽ അദ്ദേഹം വ്യക്തമായി തെളിയിച്ചു.

മറ്റൊരവസരത്തിൽ യഹൂദന്മാർ അദ്ദേഹത്തെ ചുറ്റിക്കൂടി. "നീ ക്രിസ്തുവാണോ എന്നു ഞങ്ങളോടു തെളിവായി പറയുക" എന്നു അവർ നിർബ്ബന്ധിച്ചു. "ഞാനും പിതാവും ഒന്നാകുന്നു"—എന്നുള്ള അദ്ദേഹത്തിന്റെ പ്രശാന്തഗംഭീരമായ മറുപടി യഹൂദന്മാർക്കു കർണ്ണാരുന്തുദമായിരുന്നു. അദ്ദേഹത്തെ എറിയുന്നതിനു അവർ കല്ലുകളെ എടുത്തു. കാരണവും അവർ പറയാതിരുന്നില്ല. "ദൈവദൂഷണം പറഞ്ഞതിനാലാണു് ഞങ്ങൾ നിന്നെ കല്ലെറിയുന്നതു്. എന്തുകൊണ്ടെന്നാൽ മനുഷ്യനായ നീ ദൈവമാണെന്നു ഭാവിക്കുന്നു." ക്രിസ്തു ജീവാപായത്തിന്നിടകൊടുക്കാതെ അവിടെ നിന്നും രക്ഷപെട്ടു.

"ഞാൻ നിങ്ങളോടു പറയുന്നു, അബ്രാഹത്തിനു മുമ്പേ ഞാൻ ഉണ്ടായിരുന്നു," എന്നു അദ്ദേഹം വേറൊരവസരത്തിൽ അരുളിച്ചെയ്തപ്പോളും യഹൂദന്മാർ കല്ലുകൾകൊണ്ടുതന്നെയാണ് മറുപടി നല്കുവാനൊരുങ്ങിയതു. താൻ ദൈവമാണെന്നുള്ള വി

ശ്വാസവും വാദവും അദ്ദേഹത്തിനില്ലായിരുന്നു എങ്കിൽ ആ വാസ്തവത്തെ പ്രസ്താവിച്ചുകൊണ്ടു കുപിതരായ യഹൂദരെ അദ്ദേഹം സമാധാനപ്പെടുത്തിയേനെ. സ്വജീവ രക്ഷക്കായിട്ടെങ്കിലും അദ്ദേഹം അപ്രകാരം ചെയ്യുമായിരുന്നു പക്ഷെ യേശു ശത്രുക്കളായ യഹൂദരിൽനിന്നു് ഓടി ഒളിക്കമാത്രമാണു് ചെയ്തതു്.

ക്രിസ്തുവിന്റെ ഐഹികവാസത്തിലെ അന്ത്യഘട്ടം സംജാതമായി. കയ്യാപ്പായുടെ മുമ്പിൽ അദ്ദേഹം വിചാരണക്കായി നിൎത്തപ്പെട്ടു. യഹൂദന്മാരായ കള്ളസ്സാക്ഷികളുടെ "മൊഴികൾ" തമ്മിൽ തമ്മിൽ യോജിക്കാതായി. നിരാശാപരവശനായ മേൽപ്പട്ടക്കാരൻ തടവുപുള്ളിയെക്കൊണ്ടുതന്നെ കുററം സമ്മതിപ്പിക്കുന്നതിന്നു് യത്നിച്ചു. "ദൈവപുത്രനായ ക്രിസ്തുവാണൊ നീ എന്നു് ഞങ്ങളോടു പറയുക" എന്നുള്ള മേൽപ്പട്ടക്കാരന്റെ ഗംഭീരവചനങ്ങൾക്കു് ക്രിസ്തു നൽകിയ ഉത്തരം "അതു നീതന്നെ പറഞ്ഞിരിക്കുന്നു," എന്നായിരുന്നു. യുക്തിവാദചക്രവാതത്തിൽ പെട്ടു കറങ്ങുന്ന പലരും "ദൈവപുത്രൻ" എന്ന വാക്കിനെ "തൃകിടം മറിക്കാ"റുണ്ടു്. "മനുഷ്യരെല്ലാവരും ഒരൎത്ഥത്തിൽ ദൈവത്തിന്റെ പുത്രന്മാരാണു്. ആകയാൽ ദൈവപുത്രൻ എന്ന വാക്കിന്റെ ഉപയോഗം ക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്നതിനു് ഉതകുന്നില്ല."—എന്നാണു് അവരുടെ വാദം. ശരി തന്നെ, നാം എല്ലാവരും ഒരൎത്ഥത്തിൽ ദൈവത്തിന്റെ മക്കളാണു്. പക്ഷെ ആ അൎത്ഥത്തിൽ "ദൈവപുത്രൻ" എന്ന വാക്കിന്റെ ഉപയോഗം ദൈവദൂഷണമാകുന്നില്ല. ദൈവദൂഷണം ആണെന്നു യഹൂദന്മാർ മനസ്സിലാക്കിയ ആ പ്രത്യേക അൎത്ഥത്തിൽ ക്രിസ്തു മാത്രമെ ദൈവപുത്രനാണെന്നു വാദിച്ചിട്ടുള്ളു. ദൈവദൂഷണശ്രവണമാത്രയിൽ ഭയവിഹ്വലനായിത്തീൎന്ന കയ്യാപ്പാ സ്വവസ്ത്രങ്ങളെ കീറിക്കൊണ്ടു അവിടെ സന്നിഹിതരായിരുന്നവരോടു പറഞ്ഞു. "ഇപ്പോൾ നിങ്ങൾ ദൈവദൂഷണം കേട്ടുകഴിഞ്ഞു. ഇനി നിങ്ങൾ എന്തു വിചാരിക്കുന്നു ?" ഇത്തവണ മരണംതന്നെ ആയിരുന്നു ശിക്ഷ.

ക്രിസ്തു ദൈവമാണെന്നു വാദിച്ചു. ഈ വാദത്തെ മററുള്ള

വർ മനസ്സിലാക്കി. ഈ വാദത്തിന് ശിക്ഷയായി നേരിട്ട കല്ലേറിൽനിന്ന രണ്ടു തവണ അദ്ദേഹം പ്രയാസപ്പെട്ടു രക്ഷനേടി. അവസാനം ഈ വാദംമൂലം അദ്ദേഹത്തിന് ജീവനാശവും നേരിട്ടു സ്വവചനങ്ങളുടെ അൎത്ഥവ്യാപ്തി നിൎണ്ണയിക്കുന്നതിന് അശക്തനായ ഒരു ബുദ്ധിഹീനനായിരുന്നുവോ ക്രിസ്തു ? ഈ ചോദ്യത്തിന ഉത്തരം നൽകുവാൻ, അദ്ദേഹത്തിൻെറ വക്ത്രദ്വാരാ പ്രവഹിച്ചിട്ടുള്ള "ഗിരിപ്രഭാഷണം" തുടങ്ങിയ ജ്ഞാനകുല്യകൾ, ധാരാളം പൎയ്യാപ്തങ്ങളാണ്. അദ്ദേഹത്തിൻെറ ഓരോ വാക്കുകളിലും മനുഷ്യാതീതമായ ബുദ്ധിവിലാസമാണ് നിഴലിക്കുന്നതു്. തൻമൂലം ക്രിസ്തു ബുദ്ധിഹീനനല്ല എന്നു സിദ്ധം. എന്നാൽ പിന്നെ അദ്ദേഹം ആരായിരിക്കാം ? ഉത്തരം അപ്പസ്തോലന്മാർതന്നെ പറയുന്നുണ്ടു്. "നീ ജീവനുള്ള ദൈവത്തിൻെറ പുത്രനാകുന്നു" എന്നു വി. പത്രോസും, "എൻെറ കൎത്താവും എൻെറ ദൈവവും" എന്നു വി. തോമസും, "വചനം ദൈവമായി......... വചനം മാംസമായി, ഞങ്ങളിൽ കുടിയിരുന്നു" എന്നു വി. യോഹന്നാനും പറയുന്നതു് അൎത്ഥത്തിൽ ഒന്നുതന്നെ. ക്രിസ്തു ദൈവമാകുന്നു - സൎവ്വജ്ഞനും സർവ്വശക്തനുമായ സാക്ഷാൽ ദൈവം.

കത്തോലിക്ക കോൺഗ്രസ്സിലെ

# ഉൽഘാടനപ്രസംഗം.

(നി. വ. ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി പി. എച്ച്. ഡി., ഡി. ഡി. തിരുമനസ്സുകൊണ്ടു്)

അഭിവന്ദ്യ സഹോദരന്മാരേ, വാത്സല്യ മക്കളേ, നിങ്ങൾക്കു സമാധാനവും സൗഹൃദമായ ആശിസ്സും.

അഖില കേരളീയ കത്തോലിക്ക കോൺഗ്രസ്സിൻെറ ഈ മഹൽ സമ്മേളനം ഉൽഘാടനം ചെയ്യുന്നതിനു നമ്മെ ക്ഷണിച്ചതിൽ, നിങ്ങൾ കാണിച്ചിരിക്കുന്ന ഉദാരമായ നന്മനസ്സിനു

നാം ആദ്യമായി നന്ദിപറഞ്ഞുകൊള്ളുന്നു. നമ്മെയും, നമ്മോടൊന്നിച്ചു ഇവിടെ സന്നിഹിതരായിരിക്കുന്ന അഭിവന്ദ്യരായ മററു വൈദികാദ്ധ്യക്ഷന്മാരെയുംകൊണ്ടു ഈ കോൺഗ്രസ്സിൻെറ ഉൽഘാടന പരിപാടികൾ, സാമാന്യം മതാത്മകമായ ഒരു നിലയിൽ, നിർവ്വഹിപ്പിക്കുന്നതിനു നിങ്ങൾ പ്രദർശിപ്പിച്ച ഉത്സാഹം, ഈ കോൺഗ്രസ്സിനു വൈദികാദ്ധ്യക്ഷമണ്ഡലത്തോടു പൊതുവെയുള്ള ഭക്ത്യാദരങ്ങളുടെയും, കേരളീയ കത്തോലിക്കരുടെ തീവ്രമായ മതനിഷ്ഠയുടെയും മഹത്തായ ഒരു പ്രകാശനമായിട്ടാണു നാം കണക്കാക്കുന്നത്. ആ നിലയിൽ നിങ്ങൾ നൽകിയ ഹൃദയാവർജ്ജകമായ സ്വീകരണത്തിനു നാം സർവ്വാത്മനാ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഒരു ക്രൈസ്തവ കേന്ദ്രവും സർവ്വസമുദായ മൈത്രിയുടെ ഒരു നടനരംഗവുമായ എടത്വായിലേക്കുള്ള നമ്മുടെ ഈ സന്ദർശനം നാം എന്നും സസന്തോഷം അനുസ്മരിക്കുന്നതാണ്.

പതിനാറാമത്തെ അഖില കേരളീയ കത്തോലിക്ക കോൺഗ്രസ്സിൻെറ ഈ ഉൽഘാടനകർമ്മം നടക്കുന്നത് ഒരു വലിയ ശുഭമുഹൂർത്തത്തിലാണെന്നു നാം പറയുന്നു. കത്തോലിക്ക ലോകം മുഴുവനും തീവ്രമായ ഭക്തിനിഷ്ഠയോടുകൂടി ജൂബിലിവത്സരപര്യവസാനം പ്രമാണിച്ചു നടത്തിയ സാർവ്വത്രികമായ ത്രിദിനാരാധന അവസാനിച്ചതു് ഇന്നലെയാണല്ലൊ ലോകത്തിലെ സർവ്വജാതികളും സർവ്വദേശക്കാരും, പരിശുദ്ധ പിതാവിൻെറ വാക്കുകളിൽ പറയുകയാണെങ്കിൽ 'രാജ്യസംബന്ധമായ വ്യത്യാസങ്ങളെല്ലാം മാററിവെച്ചിട്ടു വിശ്വാസവും ഉപവിയുംകൊണ്ടു ഒരേ ഒരു സാഹോദര്യബന്ധത്തിൽ ഏകീകൃതരായിട്ടു' സമസ്ത ലോകത്തിൻെറയും സമാധാനത്തിനും സമൃൽക്കർഷത്തിനുംവേണ്ടി അഹോരാത്രം നടത്തിയ ത്രിദിനാരാധനയെ തുടന്നാണല്ലൊ, ഇത്തവണത്തെ അഖില കേരളീയ കത്തോലിക്കാ കോൺഗ്രസ്സിനെ നാം ഉൽഘാടനം ചെയ്യുന്നതെന്നുള്ള വിചാരം, നമ്മുടെ ഹൃദയത്തിൽ വലിയ പ്രത്യാശകളെ അങ്കുരിപ്പിക്കുന്നുണ്ടു്. നമ്മുടെ ഈ കോൺഗ്രസ്സ് രംഗമായ എടത്വാപ്രദേശം, യാതൊരു ത്രപത

യിൽപ്പെട്ടന്നവോ, ആ ചങ്ങനാശേരി രൂപതയുടെ അദ്ധ്യക്ഷ നും നമ്മുടെ അഭിവന്ദ്യ സഹോദരനുമായ നി. വ. ദിവ്യശ്രീ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു്, പ്രസ്തുത ആരാധനാപ്രസ്ഥാനത്തിന്റെ കേന്ദ്രമായ ലൂർദ്ദിലെത്തി, നമുക്കെല്ലാം വേണ്ടി അവിടത്തെ അത്ഭുതകരമായ ഗ്രോട്ടോയിൽ വെച്ചു ദിവ്യപൂജ സമപ്പിക്കുകയും പ്രാത്ഥിക്കുകയും ചെയ്തിരിക്കുന്നുവെന്ന വസ്തുത നമ്മുടെ പ്രത്യാശകളെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. എത്രയും അനുഗൃഹീതമായവിധം ഇന്നലെ അവസാനിച്ച ഈ ജൂബിലി വത്സരാചാരംകൊണ്ടു സമാർജ്ജിക്കപ്പെട്ടിരിക്കുന്ന കത്തോലിക്ക ചൈതന്യം - സമാധാനത്തിന്റെയും സത്യത്തിന്റെയും ഐക്യത്തിന്റെയും, സാഹോദര്യത്തിന്റെയും, സദാചാരത്തിന്റെയും സാർവ്വത്രികമായ സമുൽക്കർഷത്തിന്റെയും വിജയത്തിനായി സമാർജ്ജിക്കപ്പെട്ടിരിക്കുന്ന ക്രിസ്തീയ ചൈതന്യം എന്നു നാം എടുത്തു പറയുന്ന - നമ്മുടെ കോൺഗ്രസ്സിന്റെ സകല പരിപാടികളിലും, നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ജീവിതത്തിന്റെ സകല ചര്യകളിലും എന്നെന്നും പരിശോഭിക്കുമെന്നു നാം ആശംസിക്കുകയും, അതിനു ആവശ്യമായ ദൈവാനുഗ്രഹം പ്രാത്ഥിക്കുകയും ചെയ്യുന്നു.

മഹാജനങ്ങളേ, അഖില കേരളീയ കത്തോലിക്ക കോൺഗ്രസ്സിന്റെ ഉൽഘാടനം നടക്കുന്ന ഈ അവസരത്തിൽ, അധികാരസ്ഥാനങ്ങളോടുള്ള നമ്മുടെ ബഹുമാനാദരങ്ങളെയാണ് നാം ഇനി ആദ്യമായി പ്രകാശിപ്പിക്കേണ്ടതു്. ഒന്നാമതായി, കത്തോലിക്ക ലോകൈകസാമ്രാട്ടായ പതിനൊന്നാം പീയൂസ് പാപ്പാ തിരുമനസ്സിലെ നേൎക്കു കേരളീയ കത്തോലിക്കക്കുള്ള ഭക്ത്യാദരങ്ങളെ, നിങ്ങളുടെ ഒരു എളിയ പ്രതിനിധിയെന്ന നിലയിൽ, നാം ഇവിടെ പ്രശ്രയപൂവ്വം പ്രകാശിപ്പിച്ചുകൊള്ളുന്നു. നമ്മിൽ ഓരോരുത്തരെയും ആ ലോകൈകപിതാവു എത്ര പൈതൃകമായി സ്നേഹിക്കുന്നുവെന്നും, സമസ്ത ലോകത്തിന്റെയും സമാധാന സമുൽക്കർഷങ്ങളെ അവിടുന്നു എത്ര അഗാധമായി അഭിലഷിക്കുന്നുവെന്നും അവിടുത്തെ സന്നിധിയിൽ ചെന്നു നേരിട്ടു മന

സ്സിലാക്കുവാനുള്ള പ്രത്യേക ഭാഗ്യം, അവിടുത്തെ ദാസരിൽ ഏറ്റം എളിയവനായ നമുക്ക്, ദൈവാനുഗ്രഹത്താൽ ലഭിക്കുകയുണ്ടായി. അയോഗ്യനായ നമ്മുടെ പട്ടാഭിഷേകം ആ പരിശുദ്ധ പിതാവു തൻെറ പവിത്രകരങ്ങളാൽ നിർവഹിച്ച അവസരത്തിൽ, കേരളീയ കത്തോലിക്കരോടു അവിടുത്തേയ്ക്കുള്ള കൃപാതിരേകത്തിൻെറ ഉജ്ജ്വലകിരണങ്ങൾ നമ്മുടെ അശക്തമായ ഹൃദയത്തിൽ എത്ര ഗാഢമായി പതിഞ്ഞുവെന്നു പറഞ്ഞറിയിക്കുക പ്രയാസമാകുന്നു. അവിടുന്നു പല സന്ദർഭങ്ങളിലായി ഇന്ത്യയേയും നമ്മുടെ പ്രിയപ്പെട്ട കേരളത്തേയുംപററി നമ്മോടു അരുളിച്ചെയ്ത സ്നേഹസമ്പൂർണ്ണങ്ങളായ വാക്കുകൾ നമ്മുടെ ചെവിയിൽ ഇന്നും മുഴങ്ങുന്നുണ്ടു്. വിഷമതരമായ ഇക്കാലസന്ധിയിൽ അഖിലജാതികളുടെയും രാജ്യങ്ങളുടെയും സമാധാനൈശ്വര്യങ്ങൾക്കായും, സത്യത്തിൻെറയും സദ്ധർമ്മങ്ങളുടെയും സംരക്ഷണത്തിനായും അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെയ്ക്കും, അവിടുത്തെ നിയോഗങ്ങൾക്കുംവേണ്ടി കേരളീയ കത്തോലിക്കർ നിരന്തരം പ്രാർത്ഥിപ്പാറാകണമെന്നു ഉദ്ബോധിപ്പിക്കുവാൻ നാം ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളട്ടെ.

നമ്മുടെ ചക്രവർത്തി തിരുമനസ്സിലെ കിരീടധാരണ രജതജൂബിലിമഹം ബ്രിട്ടീഷ് സാമ്രാജ്യം മുഴുവനിലും സഹർഷം കൊണ്ടാടുവാൻ തുടങ്ങുന്ന ഒരു ശുഭാവസരമാണല്ലോ ഇതു്. ന്യായമായ അധികാരസ്ഥാനങ്ങളോടുള്ള അനുസരണാദരങ്ങളെ മതാത്മകമായ ഒരു ധർമ്മസിദ്ധാന്തമായിട്ടുതന്നെ അനുശാസിച്ചുപോരുന്ന കത്തോലിക്കാ സഭയിലെ ഒരു വിനീത ഭരണാധികാരിയെന്ന നിലയിൽ നാം, പ്രസ്തുത ജൂബിലിഘോഷത്തെ രാജഭക്തിയിൽ കേളികേട്ടവരായ കത്തോലിക്കർ, തങ്ങളുടെ മററു സഹോദരങ്ങളോടൊന്നിച്ചു ഒരു വലിയ വിജയമാക്കിത്തീർക്കണമെന്നു ആശിക്കുകയും, ചക്രവർത്തി തിരുമനസ്സിലേയ്ക്കു നമുക്കുള്ള ഏററം ഹാർദ്ദങ്ങളായ ആശംസകളെയും അഭിവാദനങ്ങളെയും, ഈ അഖില കേരളീയ കത്തോലിക്കാ കോൺഗ്രസ്സിൽവെച്ചു പരസ്യ

മായി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും കരുണാനിധികളായ മഹാരാജാക്കന്മാരെയാണ് ഇനി നാം അനുസ്മരിക്കുന്നത്. നാം വരാപ്പുഴ അതിരൂപതയുടെ ഭരണഭാരം മുറപ്രകാരം കയ്യേററിട്ടു ആദ്യമായി തിരുവിതാംകൂറിലെത്തി ഒരു പൊതുജനയോഗപരിപാടിയിൽ സംബന്ധിക്കുന്ന ഈ സന്ദർഭത്തിൽ, തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേയും ഇവിടത്തെ രാജകുടുംബത്തിന്റെയും നേർക്കു നമ്മുടെ അതിരൂപതയുടെയും സാമന്തരൂപതകളുടെയും പേരിലും, നമ്മുടെ സ്വന്തം നിലയിലുമുള്ള അഭിവന്ദനങ്ങളെ പ്രദർശിപ്പിക്കുന്നതിനു നാം വിശേഷിച്ചും ആഗ്രഹിക്കുന്നു. വിസ്തൃതമായ ലോകപര്യടനംകൊണ്ടും പരമ്പരാഗതമായ ശിക്ഷണംകൊണ്ടും സമർത്ഥമായ ഭരണപരിചയം നേടി വിരാജിക്കുന്ന പ്രജാവത്സലനായ ശ്രീചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സിലെനേർക്കു നമുക്കുള്ള അകളങ്കമായ ബഹുമാനത്തെ ഈ ശുഭാവസരത്തിൽ നാം സർവ്വാത്മനാ പ്രകാശിപ്പിക്കുകയും, അവിടുന്നു നമ്മോടു കാണിച്ചിട്ടുള്ള സ്നേഹാദരങ്ങൾക്കെല്ലാം ഏററം ഹൃദയംഗമമായി നന്ദി പറയുകയും ചെയ്യുന്നു. പ്രജാവത്സലനായ കൊച്ചീമഹാരാജാവു് തിരുമനസ്സിലെ നേർക്കുള്ള ബഹുമാനാദരങ്ങളെ പ്രദർശിപ്പിക്കുന്നതിനും, അധീശകോയ്മയിൽനിന്നു അടുത്ത അവസരത്തിൽ ജി. സി. ഐ. ഇ. സ്ഥാനം ലഭിച്ചിരിക്കുന്ന ആ രാജർഷിയെ ഹാർദ്ദമായി അനുമോദിക്കുന്നതിനും കൂടി ഈ അവസരത്തെ നാം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. ആർദ്രമനസ്കരും വിശാലാശയരുമായ ഈ മഹാരാജാക്കന്മാർ രണ്ടുപേരുടേയും കരുണാസമ്പൂർണ്ണമായ ഭരണത്തിൽ, ഇവിടത്തെ വിവിധ ജനസമുദായങ്ങളോടൊപ്പം, ഈ സംസ്ഥാനങ്ങളിലെ ഒരു വമ്പിച്ച ജനസഞ്ചയമായ കത്തോലിക്കർക്കും സമഭാവനാപരങ്ങളായ സർവ്വ ആനുകൂല്യങ്ങളും സമൃദ്ധമായി ലഭിക്കുമെന്നും, ഈ സംസ്ഥാനങ്ങളിലെ കത്തോലിക്കർ രാജഭക്തിയെ സംബന്ധിച്ചേടത്തോളം സമാർജ്ജിച്ചിട്ടുള്ള ചരിത്രപ്രസിദ്ധവും അഭംഗുരവുമായ സൽകീർത്തിയെ അവർ ഏതാന്നും അഭംഗമായി പര

പാലിക്കുമെന്നും നമുക്കു ദൃഢവിശ്വാസമുണ്ടു്.

അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ ഈ മഹായോഗം ഉൽഘാടനം ചെയ്യുന്ന അവസരിൽ നിങ്ങൾ നമ്മിൽനിന്നു എന്തെങ്കിലും ഒരു പ്രത്യേക സന്ദേശം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, അതു, നമ്മുടെ പരിശുദ്ധ പിതാവിന്നു ഏററം പ്രിയങ്കരമായ വിഷയവും, അവിടുന്നു നമ്മുടെ പട്ടാഭിഷേകാവസരത്തിൽ നമുക്കു നേരിട്ടു നല്കിയ സന്ദേശത്തിലെ സർവ്വപ്രധാന ഘടകവുമായ 'കത്തോലിക്കാ പ്രവർത്തനത്തെ' (Catholic Action) കുറിച്ചായിരിക്കട്ടെ. "തിരുസ്സഭയിലെ വൈദികമണ്ഡലത്തിൻെറ അപ്പസ്തോലിക വേലയിൽ അയ്മായ ജനങ്ങൾ ചെയ്യുന്ന സഹകരണമാകുന്നു കത്തോലിക്കാ പ്രവർത്തനം" എന്നു പരിശുദ്ധ പിതാവുതന്നെ ഈ പ്രസ്ഥാനത്തിനു നല്കുന്ന നിർവ്വചനം പ്രസിദ്ധമാണല്ലോ. "കത്തോലിക്കാ പ്രവർത്തനം എന്നതു രാഷ്ട്രീയ കാര്യങ്ങളെയെല്ലാം വിട്ടുകൊണ്ടു സ്വകാര്യവും പരസ്യവുമായ ജീവിതത്തെ കത്തോലിക്കാ സിദ്ധാന്തങ്ങൾക്കനുരൂപമാക്കിത്തീർക്കുകയെന്നുള്ള കേവലം മതാത്മകമായ ഉദ്ദേശത്തോടുകൂടിയ ഒരു പ്രസ്ഥാനമാകുന്നു" എന്നു നമ്മുടെ ഡെലഗാട് അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു അഖിലാഭാരതീയ കത്തോലിക്കാ കോൺഗ്രസ്സിൻെറ ഉൽഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്ന വാക്കുകളും ഇവിടെ സ്മരണീയങ്ങളാണു്. കത്തോലിക്കാ പ്രവർത്തനം വൈദികാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും അയ്മായജനങ്ങൾ നടത്തുന്ന അപ്പസ്തോലികവേലയാകുന്നു; ആ അർത്ഥത്തിൽ, ഇതു ഒരു അയ്മായ പ്രസ്ഥാനവുമത്രെ. 'കത്തോലിക്കാ പ്രവർത്തന' പ്രസ്ഥാനത്തിൻെറ അംഗങ്ങൾ ക്രിസ്തുവിൻെറ അവകാശങ്ങളുടെ സംരക്ഷകരും അവിടുത്തെ സാമ്രാജ്യത്തിൻെറ പ്രചാരകന്മാരുമാണു്.' അവർ സത്യത്തിൻെറയും, സാഹോദര്യത്തിൻെറയും, സ്നേഹത്തിൻെറയും, സേവനത്തിൻെറയും, സദാചാരത്തിൻെറയും പ്രകാശത്തെ—മറെറാരുവാക്കിൽ പറഞ്ഞാൽ, ക്രിസ്തുവിൻെറ പ്രകാശത്തെ—തങ്ങളുടെ വാങ്മനഃകായങ്ങളാൽ ലോകസമക്ഷം പ്രദർശിപ്പിക്കേണ്ടവരാകുന്നു. ക

ത്തോലിക്ക സഭയിലെ ഓരോ വ്യക്തിയും-സ്ത്രീപുരുഷഭേദമോ, പ്രായഭേദമോ ഒന്നും ബാധകമാകാതെ സർവ്വ കത്തോലിക്കരും- ഈ പ്രസ്ഥാനത്തിൽ പങ്കുകൊള്ളേണ്ടിയിരിക്കുന്നു. പരിശുദ്ധ പിതാവു ആശിക്കുംപോലെ, "ക്രൈസ്തവതത്വങ്ങളെ പ്രചരിപ്പിക്കുന്നതിനും പൊതുജീവിതത്തിൽ അവയെ പ്രായോഗികമായി പ്രതിഫലിപ്പിക്കുന്നതിനും തങ്ങളുടെ സമസ്ത ശക്തിയോടുംകൂടി പ്രവർത്തിക്കുന്നവരുടെ സംഖ്യ നഗരങ്ങളിലും ഉൾനാടുകളിലും" ഇനിയും ധാരാളം വർദ്ധിക്കേണ്ടതുണ്ട്. "പ്രകാശത്തിന്റെ സന്തതികളെക്കാൾ ഈ ലോകത്തിന്റെ സന്തതികൾ അവരുടെ തലമുറയിൽ ബുദ്ധിമാന്മാരാകുന്നു" എന്നു തോന്നിക്കത്തക്കവണ്ണം ബുദ്ധിമത്തായ അത്ര വലിയ സംഘടനാശക്തിയോടുകൂടി, നന്മയായിട്ടുള്ളവ സമസ്തവും നശിപ്പിക്കുന്നതിനുവേണ്ടി, ലോകത്തിന്റെ ദുശ്ശക്തികൾ നടത്തുന്ന ആപല്ക്കരങ്ങളായ പ്രസ്ഥാനങ്ങളിൽനിന്നു ജനസമുദായങ്ങളെ രക്ഷിക്കുന്നതിനു "കത്തോലിക്കാ പ്രവർത്തനം" ഇന്നു അവശ്യാവശ്യമായി തീർന്നിരിക്കുന്നു. അതുകൊണ്ടാണ് "തിന്മയുടെ സൈന്യവ്യൂഹങ്ങൾക്കെതിരായി-ദൈവത്തിന്റെയും അതിലൊട്ടും കുറവല്ലാത്തവിധം നരവംശത്തിന്റെയും ശത്രുക്കളായിരിക്കുന്ന ഈ സൈന്യവ്യൂഹങ്ങൾക്കെതിരായി— നാമും നമ്മുടെ ശക്തികളെയെല്ലാം ഉറപ്പേറിയ സംഘടിത പംക്തിയായി ഏകീകരിക്കണ"മെന്നു പരിശുദ്ധ പിതാവ് കത്തോലിക്കരോടു ആവർത്തിച്ചാവർത്തിച്ചു അരുളിച്ചെയ്യുന്നതും ആജ്ഞാപിക്കുന്നതും.

കേരളീയ കത്തോലിക്കരും സംഘടിതമായ 'കത്തോലിക്കാ പ്രവർത്തന'ത്തിന്നായി തങ്ങളുടെ ശക്തികളെ ഏകീകരിക്കേണ്ടതുണ്ട്. മററു ഏതു കാര്യങ്ങൾക്കുമെന്നപോലെ 'കത്തോലിക്കാ പ്രവർത്തന'ത്തിന്നും സംഘടന ആവശ്യമാണ്. കത്തോലിക്കാ പ്രവർത്തനത്തിനായുള്ള ഈ സംഘടനയിൽ കേരളീയ കത്തോലിക്കർ പ്രത്യേകം മനസ്സിരുത്തണമെന്നും, അവരുടെ സമസ്ത സംഘടനകളിലും കത്തോലിക്കാ പ്രവർത്തനത്തിന്റെ ചൈതന്യം അന്തർഭവിച്ചിരിക്കണമെന്നും നാം ആശിക്കുന്നു. കത്തോലിക്കാ പ്ര

വത്തനത്തിനായി നമുക്ക ഏതുവകകകൾതോറും സംഘടനകൾ വേണം; ശ്രുപതാപരങ്ങളായ സംഘടനകൾ വേണം; അഖില കേരളീയവും അഖില ഭാരതീയവുമായ സംഘടനകളും വേണം. പ്രാദേശികമായ സംഘടനകൾ സാൎവ്വത്രികമായ സംഘടനയെ സഹായിക്കുന്ന ഒരു നയമാണ്', നാം ഈവക കാൎയ്യങ്ങളിൽ സ്വീകരിക്കേണ്ടതു്. 'ഒരു സഹോദരൻ അവൻെറ സഹോദരനാൽ സഹായിക്കപ്പെടുമ്പോൾ ശക്തിയേറിയ ഒരു നഗരംപോലെയാണ്' എന്നു നാം ഓൎക്കണം. ഇപ്രകാരം സംഘടനാശക്തിയോടുകൂടിയ 'കത്തോലിക്ക പ്രവൎത്തന'ത്തെ സൎവ്വത്ര പ്രചരിപ്പിക്കുവാനും, ആ പ്രസ്ഥാനം വഴിയായി തങ്ങളുടെ രാജ്യത്തേയും സഹോദരങ്ങളേയും സൗഹൃദമായി സേവിക്കുവാനും, ആ പ്രസ്ഥാനംവഴിയായി അസാന്മാൎഗ്ഗികങ്ങളായ സകല സംരംഭങ്ങളോടും പൊരുതുവാനും, ആ പ്രസ്ഥാനം വഴിയായി വ്യക്തിപരവും ഗാൎഹികവുമായ ജീവിത വിശുദ്ധിയെ സമാൎജ്ജിക്കുവാനും കേരളീയകത്തോലിക്കരൊരുത്തരും തീവ്രമായി യത്നിക്കട്ടേയെന്നാണ് നമുക്ക ഈ അവസരത്തിൽ നല്കുവാനുള്ള വിനീത സന്ദേശം.

മഹാജനങ്ങളേ, നിങ്ങൾ നമ്മോടു കാണിച്ച സ്നേഹാദരങ്ങൾക്കെല്ലാം ഒരിക്കൽകൂടി നന്ദിപറഞ്ഞുകൊണ്ടും, ഈ കോൺഗ്രസ്സ് ഒരു വിജയമാക്കാൻ അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസ്സ് പ്രവൎത്തകന്മാരുടേയും, അംഗങ്ങളുടേയും, മറെറല്ലാവരുടേയും സദ്ശ്രമങ്ങളെ അഭിനന്ദിച്ചുകൊണ്ടും, അഖില കേരളീയമായ ഈ കത്തോലിക്ക സംഘത്തിനു സൎവ്വാത്മനാ സൎവ്വവിജയങ്ങളെ പ്രാൎത്ഥിച്ചുകൊണ്ടും, നാം ഈ കോൺഗ്രസ്സ് മഹൽസമ്മേളനത്തെ സസന്തോഷം ഉൽഘാടനം ചെയ്തുകൊള്ളുന്നു.

മഹൽകാൎയ്യങ്ങളിൽ നീ പ്രവേശിച്ചാലും, സ്വാഭിലാഷത്തെ നിഗ്രഹിക്കുന്നതിനും അനുസരണമുള്ളവനായിരിക്കുന്നതിനും നീ പഠിക്കുന്നില്ലെങ്കിൽ പുണ്യാഭിവൃദ്ധി നിനക്ക തെല്ലും ഉണ്ടാവുകയില്ല.

— വി. ക. യോഹന്നാൻ.

# നിങ്ങളുടെ കുടുംബം

## സാക്ഷാൽ ഒരു ക്രിസ്തീയകുടുംബംതന്നെയോ?

(റവ. ഫാദർ സെറാഫിൻ ബെനഡിക്റ്റ്)

## III

### കാത്തോലികമായ കാര്യങ്ങളിൽ ഓരോരുത്തനും വ്യക്തിപരമായുള്ള സ്വാധീനശക്തി.

'കത്തോലിക്കാ പ്രവർത്തനം,' മെത്രാന്റെ ആഭിമുഖ്യത്തിലുള്ള സംയുക്തപ്രവർത്തനമാണെന്നുവരികിലും, ഓരോ കത്തോലിക്കനും കത്തോലിക്കാ സത്യവിശ്വാസത്തേയും അവയുടെ മൗലികസിദ്ധാന്തങ്ങളെയും സംബന്ധിച്ച ഓരൊ പ്രവൃത്ത്യുന്മുഖനായ അപ്പോസ്തലനായിരിക്കണമെന്നു പരിശുദ്ധ പിതാവുതന്നെ പലപ്പോഴും ശക്തിയുക്തം ചൂണ്ടിക്കാണിച്ചിട്ടുള്ളതത്രെ. അംഗങ്ങളുടെ സംയുക്തപ്രവർത്തനമല്ലെ കത്തോലിക്കാ പ്രവർത്തനം എന്നുവെച്ചു പലരും പലപ്പോഴും വ്യക്തിപരമായുള്ള പ്രവർത്തനത്തിനു വീഴ്ചവരുത്താറുണ്ട്. അനേകം പേരുള്ളപ്പോൾ അതിലെ ഒരു വ്യക്തി എന്തുള്ളൂ? എന്നതാണ് അവർക്കു അതിനുള്ള ന്യായം. പക്ഷെ, ഓരോ വ്യക്തിയും - അവൻ എത്രതന്നെ നിസ്സാരനായിരുന്നാലും - ആ സംയുക്തപ്രവർത്തനത്തിൽ എപ്പോഴും ഒരു പങ്കുണ്ടായിരിക്കും എന്നുള്ളതു് അനിഷേധ്യമായ ഒരു വാസ്തവമാണ്. സ്ത്രീകൾ പ്രകൃത്യാ അബലകളാകുന്നു. പക്ഷെ അവർക്കും കത്തോലിക്കാ പ്രവർത്തനത്തിൽ ഒരു വലിയ സ്ഥാനമുണ്ട്. തങ്ങളോടിടപെടുന്നവരോടെല്ലാം കുടുംബവും കുടുംബജീവിതവും സംബന്ധിച്ചു അവർക്കുള്ള മൂലപ്രമാണങ്ങൾ ഏവയെന്നു പറഞ്ഞു മനസ്സിലാക്കാൻ അവർക്കു സാധിക്കും. കുടുംബങ്ങളിൽതന്നെയോ വെളിക്കുവെച്ചോ ഉണ്ടാകുന്ന സാധാരണ സമ്മേളനങ്ങൾ ഇതിനുള്ള പറ്റിയ അവസരങ്ങളുമാണ്. കുടുംബജീവിതം സംബന്ധിച്ചുള്ള മൂലപ്രമാണങ്ങൾക്കു വിരോധമായി എന്തെങ്കിലും ആർക്കെങ്കിലും ഉണ്ടെങ്കിൽ അതു് ഇവ്വിധം നീങ്ങുകയും ചെയ്യും.

(തുടരും.)

# ഈശ്വരപ്രാർത്ഥന.

(ശ്രീമാൻ അന്റണി തൊകലത്ത്)

നിത്യന്യായാധിപനായ്; നീതിസിംഹാസനത്തിൽ,
നിസ്തുലഗുണാകാരപ്രാഭവപ്രഭാവത്തിൽ,
രാജാധിരാജാക്കളെപ്പോലും ഹാ! വിധിയ്ക്കുവാൻ
തേജസ്സാറിരിയ്ക്കുന്ന സ്രഷ്ടാവേ! നമസ്കാരം.

ശാന്തിതൻമണിഹർമ്മ്യമായെന്നും ലസിയ്ക്കുന്ന
നിന്തിരുവടിയുടെ ചെങ്കാലിൻകീഴല്ലാതെ
രക്ഷയും സമാധാനകാംക്ഷയും സാധിയ്ക്കുന്ന
സാക്ഷാത്താം സ്ഥാനമില്ലെന്നീലോകം ധരിയ്ക്കട്ടെ.

ക്രിസ്തുവാം രാജാവിന്റെ വാഴ്ച്ചയെ വരിക്കാത്ത
മർത്ത്യരും ഭൂഭാഗവുമില്ലാതായ് ഭവിക്കട്ടെ.
കർത്താവേ! സർവ്വേശ്വരാ! താവക രാജ്യം പാരിൽ
വിസ്തൃതി പ്രാപിയ്ക്കട്ടെ; വിളങ്ങിത്തിളങ്ങട്ടെ.

ക്ഷേമമീക്ഷമാതലമെങ്ങുമേ വളരട്ടെ
പ്രേമത്തിൻ പ്രകാശമേ! താവകഭരണത്താൽ
ക്രിസ്തുദേവ! ജയിച്ചാലും രക്ഷക! തുണച്ചാലും
നിസ്തുലഗുണാകാരപ്രാഭവപ്രഭാവമേ!

# ജ്ഞാനവായന.

കത്തോലിക്കർ ആദ്ധ്യാത്മിക പുസ്തകങ്ങൾ വളരെ അപൂർവ്വമായിട്ടേ വായിക്കാറുള്ളുവെന്നു പല അവസരങ്ങളിലും കേൾക്കാനിടയായിട്ടുണ്ട്. എന്നാൽ വേദപുസ്തകത്തിൽനിന്നു ഒരു അദ്ധ്യായവും അകേമ്പിസിന്റെ ക്രിസ്ത്വാനുകരണത്തിൽനിന്നു ചില വാക്യങ്ങളും താൻ എല്ലാ ദിവസവും വായിക്കുന്നുണ്ടെന്നു ഈയിടെ ഒരു അല്മേനിയിൽനിന്നും സംഭാഷണമദ്ധ്യേ അറിവാനിടയായി. ഇതു് സ്തുത്യർഹവും അനുകരണീയവുമാണ്.

ജ്ഞാനവായന ആത്മാവിന്റെ ഭക്ഷണമാകുന്നു. വെള്ള

ജൂൺമാസത്തിലെ

# പൊതുനിയോഗം.

## വിശ്വാസികൾ ദിവ്യബലിയിൽ കൂടെക്കൂടെ സംബന്ധിക്കുക.

വി. കുബ്ബാനയിൽ സമൎപ്പിക്കപ്പെടുന്ന ബലിവസ്തു കളങ്കമില്ലാത്തതും സ്വീകാൎയ്യയോഗ്യവുമായ ആട്ടിൻകുട്ടിയും, പിതാവിന്റെ ഏററവും സ്നേഹിക്കപ്പെട്ട പ്രിയപുത്രനും, തന്റെ പ്രശ്രയം നിമിത്തം എല്ലാപ്പോഴും കേൾക്കപ്പെടുന്നവനുമായ നമ്മുടെ കൎത്താവു ഈശോമിശിഹാ ആകുന്നു. തന്നിമിത്തം ഈ ബലി അനന്ത വിലയുള്ളതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ പാപപരിഹാരബലിയിൽ നാം എത്ര ഭയഭക്തിയോടും കൃതജ്ഞതയുള്ള സ്നേഹത്തോടുംകൂടെ അടുക്കലടുക്കൽ സംബന്ധിക്കേണ്ടതാണ്! നാം കുബ്ബാനയിൽ സംബന്ധിക്കുമ്പോൾ നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവത്തിന്റെ കരുണയെ യാചിക്കുന്നതിൽ ഈശോമിശിഹായോടുകൂടെ നാം യോജിക്കണം. "അതിനാൽ നമുക്കു കരുണ ലഭിക്കേണ്ടതിനും കാലാനുരൂപമായ സഹായത്തിന്റെ രൂപത്തിൽ വരപ്രസാദം കണ്ടെത്തുന്നതിനും നാം കൃപയുടെ സിംഹാസനത്തിലേക്കു വിശ്വാസത്തോടുകൂടെ പോകുക." എന്നാണു ശ്ലീഹാ എഴുതിയിരിക്കുന്നത്. ആകയാൽ വിശ്വാസികൾ ദിവ്യപൂജയിൽ കൂടക്കൂടെ സംബന്ധിക്കുന്നതിനും തദ്വാരാ നിരവധി നന്മകൾ ലഭിക്കുന്നതിനുംവേണ്ടി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കേണ്ടതാണ്.

---

ന്മാർ ശരീരവളൎച്ചയ്ക്കു നല്ല ഭക്ഷണം അത്യാവശ്യമാണെന്നു പ്രസംഗിക്കുന്നതു നാം കേൾക്കാറുണ്ടല്ലോ. പൂൎണ്ണാരോഗ്യം അനുഭവിക്കണമെങ്കിൽ 'വിററാമിൻസ്'' അടങ്ങിയ നല്ല ഭക്ഷണം കൂടിയേ കഴിയൂ എന്നവർ പറയുന്നു. കുട്ടികൾക്കും, യുവാക്കന്മാൎക്കും, വൃദ്ധന്മാൎക്കും പ്രത്യേകം പ്രത്യേകം ഭക്ഷണങ്ങൾ വേണമെന്നു അവർ സിദ്ധാന്തിക്കുന്നു. ഇതുപോലെതന്നെ ആദ്ധ്യാത്മിക ജീവിതത്തിൽ ആത്മാവിന്റെ പ്രഥമവും പ്രധാനവുമായ ഭക്ഷണം വി. കുബ്ബാനയാണ്. ഇതോടുകൂടെത്തന്നെ ക്ഷീണിച്ചു വിവശനായ ഒരു മനുഷ്യനു ജ്ഞാനവായനയും ആവശ്യമാകുന്നു. കുറച്ചു

സമയം വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കുന്നതുകൊണ്ടു നമുക്കു നവമായ ഒരു ആത്മിക ചൈതന്യമുണ്ടാകുന്നു. കത്തോലിക്കരെല്ലാവരും മുകളിൽ പ്രസ്താവിച്ചതുപോലെ ചെയ്യുന്നതായാൽ മനസ്സമാധാനവും സന്തോഷവുമുണ്ടാകുമെന്നുള്ളതിനു സംശയമില്ല.

---

## കുറിപ്പുകൾ.

അഖില കേരളീയ കത്തോലിക്ക കോൺഗ്രസിന്റെ പതിനാറാമത്തു വാർഷിക സമ്മേളനം എടത്വായിൽ വെച്ചു മേടം ൩൦-ാം തീയതി വൈകുന്നേരം വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേറ്റി തിരുമനസ്സുകൊണ്ടു ഉൽഘാടനംചെയ്തു. പൊതുസമ്മേളനത്തിൽ റിട്ടയർഡ് ചീഫ് ജസ്റ്റിസ് സി. വി. ആന്റണി ബി. എ., ബി. എൽ. അവർകളും, സാഹിത്യസമ്മേളനത്തിൽ വിദ്വാൻ സെബാസ്റ്റ്യൻ എടമരത്ത് അവർകളും, വനിതായോഗത്തിൽ മിസിസ്സ് മേരി അലക്സാണ്ടർ ബി. എ., എൽ. ററി. യും, സാമ്പത്തിക സമ്മേളനത്തിൽ രാജശ്രീ ജെ. പെട്ട എം. എ. അവർകളുമാണ് അദ്ധ്യക്ഷം വഹിച്ചത്. ദീർഘമായ കാര്യപരിപാടിയനുസരിച്ചുള്ള വിവിധ സമ്മേളനങ്ങളും മററു ചടങ്ങുകളും പ്രതീക്ഷയിൽ കവിഞ്ഞു മംഗളമായി അവസാനിച്ചിരിക്കുന്നു. കോൺഗ്രസ്സ് കത്തോലിക്കർക്കും കേരളത്തിനും അഭിമാനകരമായ ഒരു സ്ഥാപനമായിത്തീരുന്നതിനു ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

വെസ്റ്റമിൻസ്റ്റർ മെത്രാപ്പോലീത്താ ഡോക്ടർ ഹിൻസ്ലി തിരുമനസ്സിലെ സ്ഥാനാരോഹണകർമ്മം ഏപ്രിൽ ൨൯-ാം തീയതി തിങ്കളാഴ്ച മംഗളമായി കഴിഞ്ഞുകൂടിയിരിക്കുന്നു. തിരുമനസ്സുകൊണ്ടു മേയ് ൫-ാം തീയതി ഞായറാഴ്ച രാജാവിന്റെ രജതജൂബിലി പ്രമാണിച്ചു വെസ്റ്റമിൻസ്റ്റർ കത്തീഡ്രലിൽ ഒരു പാട്ടുപൂജ അർപ്പിക്കുകയുണ്ടായി.

മഹാരാജാവ്, ഇളയ മഹാരാജാവ്, വലിയമ്മ തമ്പുരാൻ എന്നീ തിരുമേനികളെ കൂടാതെ കൊച്ചീ രാജകുടുംബത്തിൽ ൧൧൧൦-ാമാണ്ടു ആരംഭിച്ചപ്പോൾ ൩ന്നു കൊച്ചുതമ്പുരാക്ക

ന്മാരും, ൧൩൪ കൊച്ചുതമ്പുരാട്ടിമാരുമുണ്ടായിരുന്നതായി കൊച്ചിരാജ്യഭരണറിപ്പോർട്ടിൽ കാണുന്നു.

ആധുനിക പോളണ്ടിന്റെ ജനയിതാവും സർവ്വാധിപതിയുമായിരുന്ന മാർഷൽ ജോസഫ് പിൽസുഡ്സ്കി മേയ് ൧൨-ാം തീയതി കാലധർമ്മം പ്രാപിച്ചിരിക്കുന്നു. തന്റെ തലച്ചോറു ശാസ്ത്രീയഗവേഷണാർത്ഥം പോളിഷ സർവ്വകലാശാലക്കാർക്കു കൊടുക്കാനും ഹൃദയം പ്രത്യേകമെടുത്തു ദഹിപ്പിച്ചു ചാമ്പൽ അമ്മയുടെ ശരീരാവശിഷ്ടങ്ങളോടുകൂടി നിക്ഷേപിക്കാനും അദ്ദേഹം തന്റെ മരണപത്രികയിൽ നിശ്ചയം ചെയ്തിരിക്കുന്നു.

ക. നി മൂ സ ബ. കരിശിന്റെ പത്രോസച്ചൻ മേയ് ൧-ാംതീയതി ബുധനാഴ്ച എത്തുരുത്ത് സന്യാസാശ്രമത്തിൽ വെച്ചു വാതരോഗത്താൽ തന്റെ ൭൬-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു പരലോകപ്രാപ്തനായിരിക്കുന്ന വിവരം വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു ഇദ്ദേഹം ജൂബിലി പര്യവസാനം സംബന്ധിച്ചു വരാപ്പുഴ നടത്തിയിരുന്ന ധ്യാനപ്രസംഗങ്ങളുടെമദ്ധ്യേ രോഗശയ്യയെ പ്രാപിക്കയും മരണം പ്രാപിച്ചതിന്റെ തലേതിങ്കളാഴ്ച ആശ്രമത്തിലേക്കു കൊണ്ടുവരപ്പെടുകയുമാണുണ്ടായതു്.

പുളിങ്കുന്നുപള്ളിവികാരിയും പി. കെ. അന്തോനി കത്തനാർ എന്ന പേരിൽ കേരളീയർക്കു സുപരിചിതനുമായ പുളിങ്കുന്നുപള്ളി ഇടവക പുത്തൻപുരക്കൽ ബ. ബ. അന്തോനിയച്ചൻ മെയ് ൮-ാംതീയതി ബുധനാഴ്ച ദിവ്യപൂജാവേളയിൽ, തിരുശ്ശരീരരക്തങ്ങൾ ഉയർത്തികഴിഞ്ഞതിനുശേഷം തന്റെ ആത്മാവിനേയും ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചിരിക്കുന്നു. മരിക്കുമ്പോൾ ഇദ്ദേഹത്തിനു ൭൦ വയസ്സു പ്രായമുണ്ടായിരുന്നു.

കോന്തുരുത്തിപ്പള്ളി ഇടവക ഡോക്ടർ കെ. ജെ. പീററർ (കോയിത്തറ) അവർകൾ കിഡ്ണി രോഗബാധിതനായി യോഗ്യതാപൂർവ്വം അന്ത്യകൂദാശകൾ കൈക്കൊണ്ടു തന്റെ ൬൮-ാം വയസ്സിൽ മെയ് ൮-ാംതീയതി ബുധനാഴ്ച ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു.

പരേതരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I. P.

# സർപ്പവിഷത്തിനു.

ചെറുവീര സമൂലവും അമരിവേരും സമമെടുത്ത് അരച്ചു പാലിലോ തെളിഞ്ഞ കാടിവെള്ളത്തിലൊ കലക്കി പാനലേപാദികളെ ചെയ്ക. എല്ലാ സർപ്പവിഷവും ശമിക്കും.

വെളുത്ത കുന്നിയില അരച്ചു പുന്ന്യാഹ മുണ്ടങ്ങാപ്രമാണം ൪൧ ദിവസം ഉദയത്തിൽ തിന്നുന്നതായാൽ പാമ്പു കടിക്കുകയോ കടിച്ചാലും വിഷം കയറുകയോ ചെയ്യുന്നതല്ല. ശോഷിച്ച ദേഹം തടിക്കും. കുളിച്ചിട്ടേ തിന്നാൻ പാടുള്ളൂ.

കാഞ്ഞിരത്തിന്റെ ചുവട്ടിൽ മുളച്ചു കൂനിനില്ക്കുന്ന കാഞ്ഞിരക്കുരു എടുത്തു മുള കളഞ്ഞു ആ പരിപ്പു കയ്യിൽ പിടിച്ചു പാമ്പിനെ പിടിച്ചാൽ കടിക്കുന്നതല്ല. ഇതു തന്നെ വളയിലോ മോതിരത്തിലോ ആക്കി ധരിച്ചിരുന്നാലും മതി. ധ.

---


## SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്സ്.

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ത്രപാത്തുക്കത്തിന് ക. ൪.

ശാരിബാദിസരസം. ഇതു ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം, കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്. ഒരുസേറിനു ക ൩.

സുവര സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൰.

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൰ നാളത്തെ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. [illegible]




# പ്രസിദ്ധ ഔഷധങ്ങൾ.

## Malariana മലേറിയാനാ.

ഈ കീൎത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറ്റുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു് ഒരു പ്രസിദ്ധ ഔഷധമാകുന്നു എന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു: വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വവ്യാധികളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സമ്പൂൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി രോഗം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലം വരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഓയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛൎദ്ദിക്കൽ, കൈകാൽതളച്ച്, ശരീരം കഴയ്ക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ചുനീറൽ ഇവയെല്ലാം ഗൃഹസ്ഥഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിറപ കരൾ ഗ്രന്ഥൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3ക 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്രോഗത്തിനു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡപ്പി 1നു 5 ണ; 1 ഡജനു 3 ക.

ചികിത്സാസംബന്ധമായ പുസ്തകം സൗജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ട്.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൦ ഇടവം - മിഥുനം. | | | | ജൂൺ ൧൯൩൫. |
|---|---|---|---|---|
| ● | 1 | ശ. | വി. | പംഫാലസ്. |
| ൧൯ | 2 | ഞാ. | ✠ | വി. മർച്ചെലീനസ്. |
| ൨൦ | 3 | തി. | വി. | ഫ്രാൻസിസ്. |
| ൨൧ | 4 | ചൊ. | വി. | ഫ്രംസീസ്സം. |
| ൨൨ | 5 | ബു. | വി. | ബൊനഫാ. മെ. |
| ൨൩ | 6 | വ്യാ. | വി | നോർബർട്ട്. |
| ൨൪ | 7 | വെ. | | ഭാ ബത്തല്ല അന്ന. |
| ൨൫ | 8 | ശ. | വി. | വില്യം |
| ൨൬ | 9 | ഞാ. | ✠ | പന്തക്കുസ്താ. |
| ൨൭ | 10 | തി. | വി. | റിച്ചാർഡ്. |
| ൨൮ | 11 | ചൊ. | വി | ബർണ്ണബാ ശ്ലീഹാ. |
| ൨൯ | 12 | ബു | വി | യോഹ പക്കുന്തസ്. (ഇ വി) |
| ൩൦ | 13 | വ്യാ. | വി. | അന്തോനി പാദുവാ. |
| ൩൧ | 14 | വെ. | വി | ബസലീന്. |
| ൧ | 15 | ശ. | വി | വിത്തോസും കൂട്ട. |
| ◐ | 16 | ഞാ. | ✠ | പരി ത്രിത്വം. |
| ൩ | 17 | തി. | വി. | മൊൻതാനസ്. |
| ൪ | 18 | ചൊ. | വി. | അഫ്രെം. |
| ൫ | 19 | ബു | വി. | ഗർവാസീ. പ്രോത്താ. |
| ൬ | 20 | വ്യാ. | ✠ | വി. കുർബ്ബാന. |
| ൭ | 21 | വെ | വി. | ലൂയീസ് ഗോൺ |
| ൮ | 22 | ശ. | വി | പൌലീനോ. മെ |
| ൯ | 23 | ഞാ. | ✠ | വി. എതൽറെഡാ. |
| ൧൦ | 24 | തി. | വി. | യോ. മാംദാ. പിറ. |
| ൧൧ | 25 | ചൊ. | വി. | വില്യം. |
| ൧൨ | 26 | ബു. | വി. | യോഹന്നാ പൗലാ. |
| ൧൩ | 27 | വ്യാ. | വി. | ലദിസ്ലാസ്. |
| ൧൪ | 28 | വെ. | | ന. ക. തിരുഹൃദയം. |
| ൧൫ | 29 | ശ. | ✠ | വി. പത്രോ. പൗലോ. |
| ● | 30 | ഞാ. | ✠ | വി. പൌലോസ്. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.